# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെമ്പായം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP10/1738/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 08/02/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെമ്പായം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP10/1738/2021 തീയ്യതി: 08/02/2022

## തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ | 23-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി .എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലിഷ കെ.വി, അസി.ഓഡിറ്റ് ഓഫാസർ
ശ്രീമതി ശാലിനി.വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ.സി.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.കല.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സീനത്ത് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| റഫീഫ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രഞ്ജിത്ത് | കൃഷി ഓഫീസർ | 01-04-2019 | 04-11-2019 |
| ഷൈസ് | കൃഷി ഓഫീസർ | 05-11-2019 | 25-11-2019 |
| ദീപ സി | കൃഷി ഓഫീസർ | 25-11-2019 | 31-03-2020 |
| ഡോ.സ്മിനോള | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ദീപ എം.എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ലക്ഷ്മി പ്രിയ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ഷൈലി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| സഫീന എസ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ചിത്ര പ്രവീൺ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഗീത | ഐ.സി.ഡി.എസ് | 01-04-2019 | 31-03-2020 |
| ഷീജ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| റഫീഫ് ബി | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 01-04-2019 | 31-03-2020 |
| ഷറഫുദ്ദീൻ ഇ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ജയ കുമാരി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| വിദ്യാധരൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികവും ചെലവു ചെയ്തിട്ടുണ്ട്<br>Written By: KALA P. (Auditor, On 04-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shalini V K (Senior Grade Auditor, On 01-11-2021)<br>Last Updated By: Shalini V K (Senior Grade Auditor, On 01-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 05-02-2022) | 1-2-1 |
| 4 | സാമ്പത്തിക നില<br>Written By: Shalini V K (Senior Grade Auditor, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Shalini V K (Senior Grade Auditor, On 02-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shalini V K (Senior Grade Auditor, On 02-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-6 |
| 8 | MNREGA പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-6-1 |
| 9 | MNREGS ഇനത്തിൽ Administrative Expenses ഇനത്തിലുള്ള വരവ്, ചെലവ് എന്നിവ എ.എഫ്.എസും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-6-2 |
| 10 | കിണർ റീചാർജ് പ്രവൃത്തികൾ 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയില്ല.<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-6-3 |
| 11 | M-ബുക്ക് പരിപാലിക്കുന്നതിൽ അപാകത<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-6-4 |
| 12 | മാർഗ്ഗരേഖ പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 1-6-5 |
| 13 | ക്ഷേമ പദ്ധതികൾ<br>Written By: KALA P. (Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-7-1 |
| 14 | തൊഴിൽ രഹിതവേതനരജിസ്റ്ററുകൾ അപൂർണ്ണമാണ്<br>Written By: KALA P. (Auditor, On 04-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-7-2 |
| 15 | പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു. | 1-7-3 |

| | | |
|---|---|---|
| | Written By: KALA P. (Auditor, On 04-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | |
| 16 | പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.<br>Written By: KALA P. (Auditor, On 04-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-7-4 |
| 17 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: KALA P. (Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 05-02-2022) | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 17-11-2021)<br>Last Updated By: Biji T (Computer Assistant, On 21-01-2022) | 1-10 |
| 20 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 02-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 1-11 |
| 21 | വസ്തു നികുതി നിർണ്ണയം- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 02-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 1-12 |
| 22 | റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.<br>Written By: Shalini V K (Senior Grade Auditor, On 02-11-2021)<br>Last Updated By: Lathakumari M (Audit Officer, On 18-11-2021) | 1-13 |
| 23 | പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിട നമ്പരുകളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.<br>Written By: Shalini V K (Senior Grade Auditor, On 02-11-2021)<br>Last Updated By: Biji T (Computer Assistant, On 01-02-2022) | 1-14 |
| 24 | തൊഴിൽനികുതി -അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 02-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 1-15 |
| 25 | ലൈസൻസ് പ്രകാരമുള്ള അപേക്ഷകളുടെയും രജിസ്റ്ററുകളുടേയും പരിശോധന സംബ--<br>Written By: KALA P. (Auditor, On 04-11-2021)<br>Last Updated By: Biji T (Computer Assistant, On 01-02-2022) | 1-16 |
| 26 | അയിരൂപ്പാറ പബ്ളിക് മാർക്കറ്റ് ലേലം -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: KALA P. (Auditor, On 03-11-2021)<br>Last Updated By: Biji T (Computer Assistant, On 01-02-2022) | 1-17-1 |
| 27 | കടമുറികളുടെ വാടക പൂർണമായും ഈടാക്കിയിട്ടില്ല<br>Written By: KALA P. (Auditor, On 04-11-2021)<br>Last Updated By: Biji T (Computer Assistant, On 01-02-2022) | 1-17-2 |
| 28 | ലേലത്തുക അടച്ച രേഖ ഓഡിറ്റിൽ ഹാജരാക്കിയില്ല.<br>Written By: KALA P. (Auditor, On 04-11-2021)<br>Last Updated By: Biji T (Computer Assistant, On 01-02-2022) | 1-17-3 |
| 29 | മണ്ണ് വില്പന- പുനർലേലത്തിന്റെ വിശദാംശം ലഭ്യമല്ല.<br>Written By: KALA P. (Auditor, On 03-11-2021)<br>Last Updated By: Biji T (Computer Assistant, On 01-02-2022) | 1-17-4 |
| 30 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഫർണിച്ചർ വാങ്ങൽ<br>Written By: KALA P. (Auditor, On 04-11-2021)<br>Last Updated By: Biji T (Computer Assistant, On 05-02-2022) | 1-18 |
| 31 | ആയുർവേദ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ<br>Written By: KALA P. (Auditor, On 04-11-2021)<br>Last Updated By: Biji T (Computer Assistant, On 02-02-2022) | 1-19 |
| 32 | പൊതുടാപ്പുകളുടെയും തെരുവു വിളക്കുകളുടെയും എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 01-11-2021) | 1-20 |

| | | |
|---|---|---|
| | Last Updated By: Biji T (Computer Assistant, On 02-02-2022) | |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 02-02-2022) | 1-21 |
| 34 | കിലയിൽ നിന്ന് തുക തിരികെ ലഭ്യമാക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 02-02-2022) | 1-22 |
| 35 | ഇൻകംബൻസി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.<br>Written By: Lathakumari M (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 02-02-2022) | 1-23 |
| 36 | അംഗനവാടികൾക്കായി വാങ്ങിയ ഭൂമി അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>Written By: Lathakumari M (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 02-02-2022) | 1-24 |
| 37 | വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ-300,000/-രൂപ തടസ്സം ചെയ്യുന്നു<br>Written By: Shalini V K (Senior Grade Auditor, On 02-11-2021)<br>Last Updated By: Biji T (Computer Assistant, On 02-02-2022) | 1-25 |
| 38 | റോഡുമാപ്പ് തയ്യാറാക്കിയിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 02-02-2022) | 1-26 |
| 39 | കൃഷി ഓഫീസർ രസീത് ബുക്ക് പരിപാലിക്കുന്നതിൽ അപാകത<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 05-02-2022) | 1-27 |
| 40 | കൃഷി ഓഫിസർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 02-02-2022) | 1-28 |
| 41 | നെൽകൃഷി വികസന പദ്ധതി അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-02-2022) | 1-29 |
| 42 | ഡയറി എക്സ്റ്റൻഷൻ ഓഫീസർTR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 02-02-2022) | 1-30 |
| 43 | കാലിത്തീറ്റ സബ്സിഡി ഇനത്തിൽ അധികമായി നൽകിയ 9000/- രൂപ നിരാകരിക്കുന്നു<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 1-31 |
| 44 | വി ഇ ഒ ( സർക്കിൾ-1) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് പദ്ധതിയിലെ അപാകങ്ങൾ<br>Written By: Lisha.K.V (Asst. Audit Officer, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 1-32 |
| 45 | വി ഇ ഒ (സർക്കിൾ-2) നിർവ്വഹണോദ്യോഗസ്ഥനായ ലൈഫ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Lisha.K.V (Asst. Audit Officer, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 1-33 |
| 46 | ഭവന പുനരുദ്ധാരണം (എസ് സി)- വാല്യുവേഷൻ സ്റ്റേറ്റ്മെൻറിലേതിനെക്കാൾ കൂടുതൽ തുക അനുവദിച്ചു-8900/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 1-34 |
| 47 | അടിസ്ഥാന സൌകര്യങ്ങളുടെ അഭാവത്തിലും എ ബി സി പ്രോഗ്രാമിനുള്ള ഉപകരണങ്ങൾ വാങ്ങി -വീണ്ടും പദ്ധതിക്കായി തുക കുടുംബശ്രീക്ക് കൈമാറി-195,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |

| | | |
|---|---|---|
| | Written By: Lisha.K.V (Asst. Audit Officer, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | |
| 48 | കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവു തുക 5,00,000/-തടസ്സത്തിൽ വക്കുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 05-02-2022) | 1-36 |
| 49 | മാതൃക പഞ്ചായത്ത് -മൃഗസംരക്ഷണ വകുപ്പ് സംയുക്ത പദ്ധതി -അപാകങ്ങൾ-525,000/-രൂപ തടസ്സംചെയ്യുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 1-37 |
| 50 | ഇ എം എസ് ഭവന പദ്ധതിയുടെ ബാലൻസ് തുക ലൈഫ് പദ്ധതി അക്കൌണ്ടിലേക്ക് മാറ്റുന്നത്-തുക തനതു ഫണ്ട് അക്കൌണ്ടിൽ ക്രെഡിറ്റായ വിവരം ലഭ്യമാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 18-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 1-38 |
| | ഭാഗം **2** | |
| 1 | റദ്ദാക്കിയ രസീതുകൾ വരവായി രേഖപ്പെടുത്തിയിരിക്കുന്നു 4483 നഷ്ടം<br>Written By: Rekha C S (Senior Grade Auditor, On 17-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 2-1 |
| | ഭാഗം **3** | |
| 1 | കാലിത്തീറ്റ സബ്സിഡി ഇനത്തിൽ അധികമായി നൽകിയ 9000/- രൂപ നിരാകരിക്കുന്നു<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 4-2 |
| 3 | മൊബലൈസേഷൻ അഡ്വാൻസ്<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Rekha C S (Senior Grade Auditor, On 05-11-2021) | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Rekha C S (Senior Grade Auditor, On 05-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Rekha C S (Senior Grade Auditor, On 05-11-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടി വിവരം<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rekha C S (Senior Grade Auditor, On 05-11-2021)<br>Last Updated By: Biji T (Computer Assistant, On 04-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികവും ചെലവു ചെയ്തിട്ടുണ്ട്

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 13.02.19,14.02.19 തീയതികളിലെ തീരുമാനം നം 1 പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 222,289,427 വരവും 132,694,219/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത് 2019-2020 സാമ്പത്തിക വർഷത്തിൽ വെമ്പായം ഗ്രാമപഞ്ചായത്തിലെ അംഗീകൃത ബഡ്ജറ്റും വാർഷിക ധനകാര്യ പത്രികയിലെ ചെലവുകളും പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ബഡ്ജറ്റ്,പരിഷ്കരിച്ച ബഡ്ജറ്റ് എന്നിവ പ്രകാരം ചില ഇനങ്ങൾക്ക് വകയിരുത്തിയ തുകകൾ തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.ടി തുകകളും,A F Sപ്രകാരം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും തമ്മിലും, ഗണ്യമായ വ്യത്യാസം കാണുന്നു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു,

| ക്രമനം | അക്കൗണ്ട് കോഡ് (AFS പ്രകാരം ) | ഇനം | A F Sപ്രകാരം ചെലവഴിച്ച തുക | ബഡ്ജറ്റ് പ്രകാരം വകയിരുത്തിയത് | 2019-2020 ലെ പരിഷ്കരിച്ച ബഡ്ജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|---|
| 1 | 2501001 | Agriculture And Paddy | 49190 | 500000 | 19440 |
| 2 | 250100301 | Agriculture Development Programm General | 37290 | -- | 10800 |
| 3 | 250101301 | Agriculture And Related Sector Tuber Crops General | 122500 | 200000 | --- |
| 4 | 250103101<br>250103103 | Animal Husbandry Cow | 605000 | 1500000 | 130000 |
| 5 | 250103401 | Animal Husbandry Paultry | 461500 | 100000 | 363000 |
| 6 | 251101101 | Continuing Education And Non-formal Education | 300000 | --- | -- |

| | | | | | |
|---|---|---|---|---|---|
| | | General | | | |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 30/10/2021- ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം 38/2019-20-ന് മറുപടി ലഭ്യമാക്കിയില്ല.ഭാവിയിൽ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ടി അപാകം ഒഴിവാക്കി,യുക്തിസഹമായ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| വാർഷിക ധനകാര്യപ ത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകതപരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 10.6.2020 | - | - |

## 1-2-1 വാർഷിക ധനകാര്യപത്രിക അപാകതകൾ

വാർഷിക ധനകാര്യ പത്രിക 2019-20 പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 2019-20ലെ ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റ് പ്രകാരം Total Cash Generated ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക97797രൂപയാണ്, എന്നാൽ ക്യാഷ് ഫ്ലോസ്റ്റേറ്റുമെന്റിൽ Netincrease/decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് (6770491)രൂപയാണ്. അവ തമ്മീൽ പൊരുത്തപ്പെടുന്നില്ല.

2.എസ്.ബി.ഐ ഇപേമെന്റ് (അക്കൗണ്ട് നം.36959437433)ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 30.10.2019 എന്നീ തീയതികളിൽ ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ

| Head Code | Description | Debit | Credit |
|---|---|---|---|
| 21900518 | Opening Balance | 2473984 | |
| 31.10.2019 | Housing General(ചെലവ്) | | 2500000 |
| | Closing Balance | (26016) | |

3.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഉള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല,

4.ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെമൂല്യനിർണയം നടത്തി ബാലൻസ്ഷീറ്റ് B-14 Stock Inhand(inventories)-ൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 140 രൂപയുടെ മൂല്യം ബോധ്യപ്പെട്ടിട്ടില്ല.

5. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

6. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

7.ബാലൻസ് ഷീറ്റ് B2 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ഡിസ്ട്രസ്സ് റിലീഫ് ഫണ്ടിനത്തിൽ 42475 രൂപ നിക്കിയിരിപ്പുണ്ട്. എന്നാൽ B-17 Schedule പ്രകാരം ആയത് 41267 രൂപ ആണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

8. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ഉള്ളHead Code 320700204, 320700205,320800101 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം,ജില്ലാ പഞ്ചായത്ത് വിഹിതം,ഗുണഭോക്തൃ വിഹിതം)എന്നിവയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

9. ബാലൻസ് ഷീറ്റ് B-5 Schedule പ്രകാരം കെ.യു.ആർ.ഡി.എ.സി ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന

തുക 72492941 രൂപയാണ്. എന്നാൽ ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ വ്യക്തതയില്ലാത്തതിനാൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക, വരവ് എന്നിവ കൃത്യമായി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

10. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ലാത്തതിനാൽ ഈയിനത്തിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

11.ബാലൻസ് ഷീറ്റ് B-17 Schedule പ്രകാരമുള്ള എസ്.സി.ബി തനത്ഫണ്ടിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

12. ബാലൻസ് ഷീറ്റ് B-18 Schedule പ്രകാരം Permanent Advance ഇനത്തിൽ 50 രൂപ മാത്രമാണ് നീക്കിയിരിപ്പ്

13.ബാലൻസ് ഷീറ്റ് B-18 Schedule പ്രകാരമുള്ള ഹെഡ്ഡുകോഡ് നം. 460100105, 460500304, 460500501, 460509901 എന്നിവയിൽ വിവിധ അഡ്വാൻസിനത്തിൽ നൽകിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമല്ല

14. തൊഴിൽ നികുതി, , ലേലം , ലൈസൻസ് എന്നിവയുടെ രജിസ്റ്ററുകളിൽ ഡി.സി.ബി പത്രിക സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ എ.എഫ്.എസിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

15. വാടക രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകളും എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർപ്രകാരമുള്ളഡിമാന്റ് | എ.എഫ്.എസ് പ്രകാരമുള്ള ഡിമാന്റ് | രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ | എ.എഫ്.എസ് പ്രകാരമുള്ള കളക്ഷൻ |
|---|---|---|---|---|
| വാടക(കറന്റ് ) | 26972 | 273426 | 199207 | 205288 |
| വാടക(അരിയർ) | 31128 | 59724 | 18146 | 23472 |

16. സഞ്ചയ പത്രിക പ്രകാരമുള്ള ,കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

| സഞ്ചയ പ്രകാരമുള്ള ആകെ കളക്ഷൻ(റസിഡൻഷ്യൽ& നോൺറസിഡൻഷ്യൽ കറന്റ്& അരിയർ ഉൾപ്പെടെ) | എ.എഫ്.എസ് പ്രകാരമുള്ള ആകെ കളക്ഷൻ(റസിഡൻഷ്യൽ& നോൺറസിഡൻഷ്യൽ കറന്റ്& അരിയർ ഉൾപ്പെടെ) | സഞ്ചയപ്രകാരമുള്ള ആകെ ബാലൻസ്(റസിഡൻഷ്യൽ& നോൺറസിഡൻഷ്യൽ കറന്റ്& അരിയർ ഉൾപ്പെടെ) | എ.എഫ്.എസ് പ്രകാരമുള്ള ആകെ ബാലൻസ്(റസിഡൻഷ്യൽ&നോൺറസിഡൻഷ്യൽ കറന്റ്& അരിയർ ഉൾപ്പെടെ) |
|---|---|---|---|
| 6050653 | 6061784 | 1073703 | 1123686 |

17. 9.12.2019ൽ ക്യാഷ്ബുക്ക് 244000 രൂപയുടെ നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

18. ബാലൻസ് ഷീറ്റ് B4 Schedule Head Code 320200202 പ്രകാരമുള്ള Fund For Transfered Institutions-Animal Hus Bundery Capitalന്റെ മുന്നിരിപ്പ് എ.എഫ്.എസ് പ്രകാരം 1235067 രൂപയാണ്.എന്നാൽ ലഭ്യമാക്കിയ Ledger പ്രകാരം ആയത് 5799780 രൂപയാണ്. 5799780 രൂപ മുന്നിരിപ്പാക്കിയാണ് B4 Schedule പ്രകാരം നീക്കിയിരിപ്പ് 270618 രൂപ ആക്കിയിരിക്കുന്നത്.

19. Income And Expenditure Statement I(17a) പ്രകാരമുള്ള ഡിപ്രീസിയേഷന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

20. RP7 Schedule പ്രകാരമുള്ള ഹെഡ്സ് കോഡ് 160100625, 160300101 എന്നിവയുടെ വരവിന്റെകൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

21. രജിസ്റ്റർ പ്രകാരം പാരമെഡിക്കൽസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വരവിനത്തിൽ2000 രൂപയുണ്ട്. എന്നാൽ എ.എഫ്.എസ് പ്രകാരം അത്തരത്തിലൊരു വരവില്ല.

പ്രകാരം ഉള്ളHead Code 320700204, 320700205,320800101 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം,ജില്ലാ പഞ്ചായത്ത് വിഹിതം,ഗുണഭോക്തൃ വിഹിതം)എന്നിവയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

9. ബാലൻസ് ഷീറ്റ് B-5 Schedule പ്രകാരം കെ.യു.ആർ.ഡി.എ.സി ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക 72492941 രൂപയാണ്. എന്നാൽ ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ വ്യക്തതയില്ലാത്തതിനാൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക, വരവ് എന്നിവ കൃത്യമായി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

10. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ലാത്തതിനാൽ ഈയിനത്തിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

11.ബാലൻസ് ഷീറ്റ് B-17 Schedule പ്രകാരമുള്ള എസ്.സി.ബി തനത്ഫണ്ടിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

12. ബാലൻസ് ഷീറ്റ് B-18 Schedule പ്രകാരം Permanent Advance ഇനത്തിൽ 50 രൂപ മാത്രമാണ് നീക്കിയിരിപ്പ്

13.ബാലൻസ് ഷീറ്റ് B-18 Schedule പ്രകാരമുള്ള ഹെഡ്ഡുകോഡ് നം. 460100105, 460500304, 460500501, 460509901 എന്നിവയിൽ വിവിധ അഡ്വാൻസിനത്തിൽ നൽകിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമല്ല

14. തൊഴിൽ നികുതി, ലേലം, ലൈസൻസ് എന്നിവയുടെ രജിസ്റ്ററുകളിൽ ഡി.സി.ബി പത്രിക സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ എ.എഫ്.എസിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

15. വാടക രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകളും എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർപ്രകാരമുള്ളഡിമാന്റ് | എ.എഫ്.എസ് പ്രകാരമുള്ള ഡിമാന്റ് | രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ | എ.എഫ്.എസ് പ്രകാരമുള്ള കളക്ഷൻ |
|---|---|---|---|---|
| വാടക(കറന്റ്) | 26972 | 273426 | 199207 | 205288 |
| വാടക(അരിയർ) | 31128 | 59724 | 18146 | 23472 |

16. സഞ്ചയ പത്രിക പ്രകാരമുള്ള ,കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

| സഞ്ചയ പ്രകാരമുള്ള ആകെ കളക്ഷൻ(റസിഡൻഷ്യൽ& നോൺറസിഡൻഷ്യൽ കറന്റ്& അരിയർ ഉൾപ്പെടെ) | എ.എഫ്.എസ് പ്രകാരമുള്ള ആകെ കളക്ഷൻ(റസിഡൻഷ്യൽ& നോൺറസിഡൻഷ്യൽ കറന്റ്& അരിയർ ഉൾപ്പെടെ) | സഞ്ചയപ്രകാരമുള്ള ആകെ ബാലൻസ്(റസിഡൻഷ്യൽ& നോൺറസിഡൻഷ്യൽ കറന്റ്& അരിയർ ഉൾപ്പെടെ) | എ.എഫ്.എസ് പ്രകാരമുള്ള ആകെ ബാലൻസ്(റസിഡൻഷ്യൽ&നോൺറസിഡൻഷ്യൽ കറന്റ്& അരിയർ ഉൾപ്പെടെ) |
|---|---|---|---|
| 6050653 | 6061784 | 1073703 | 1123686 |

17. 9.12.2019ൽ ക്യാഷ്ബുക്ക് 244000 രൂപയുടെ നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

18. ബാലൻസ് ഷീറ്റ് B4 Schedule Head Code 320200202 പ്രകാരമുള്ള Fund For Transfered Institutions-Animal Hus-

bundery Capitalന്റെ മുന്നിരിപ്പ് എ.എഫ്.എസ് പ്രകാരം 1235067 രൂപയാണ്.എന്നാൽ ലഭ്യമാക്കിയ Ledger പ്രകാരം ആയത് 5799780 രൂപയാണ്. 5799780 രൂപ മുന്നിരിപ്പാക്കിയാണ് B4 Schedule പ്രകാരം നീക്കിയിരിപ്പ് 270618 രൂപ ആക്കിയിരിക്കുന്നത്.

19. Income And Expenditure Statement I(17a) പ്രകാരമുള്ള ഡിപ്രീസിയേഷന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

20. RP7 Schedule പ്രകാരമുള്ള ഹെഡ്സ് കോഡ് 160100625, 160300101 എന്നിവയുടെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

21. രജിസ്റ്റർ പ്രകാരം പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വരവിനത്തിൽ 2000 രൂപയുണ്ട്. എന്നാൽ എ.എഫ്.എസ് പ്രകാരം അത്തരത്തിലൊരു വരവില്ല.

## 1-3 സാമ്പത്തിക നില

മുന്നിരിപ്പ്- 60226434
വരവ്- 16351134
ആകെ-223737783
ചെലവ്-170281840
നീക്കിയിരുപ്പ്-53455943

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ക്യൂബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16167765 | 16167765 | 22826046* | -6658281 | 209000 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 7407176 | 7407176 | 6230582** | -1176594 | 316811 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 525000 | 525000 | 362467 | 162533 | 0 |
| CFC(untied) | 0 | 17613342 | 17613342 | 5270569 | 12342773 | 9547249 |
| Maintanance Fund(nonroad) | 0 | 7234000 | 7234000 | 4602279 | 2631721 | 1391850 |
| Maintanance Fund(road) | 0 | 22580000 | 22580000 | 6843948 | 15736052 | 5827720 |
| CSS*** | 0 | 0 | 0 | 1791000 | -1791000 | 0 |
| SSS**** | 0 | 0 | 0 | 0 | 0 | 0 |

* ACR പ്രകാരമുള്ള ചെലവ് 15954811 രൂപയാണ്.

* ACR പ്രകാരമുള്ള ചെലവ്5921758 രൂപയാണ്.

*** കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

**** സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

ലൈഫ് പദ്ധതിയുടെ സ്റ്റേറ്റ് ഷെയർ ഇനത്തിൽ 34658855 രൂപ വരവും 33098855 രൂപ ചെലവും 1560000 രൂപ നീക്കിയിരിപ്പുമുണ്ട്. മറ്റേതെങ്കിലും ഇനത്തിലുള്ള വരവ് ഈ വിഭാഗത്തിലുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത്ഫണ്ടിൽ അവശേഷിക്കുന്നു.

2018-19 വർഷത്തെ വാർഷിക ധനകാര്യ

ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അക്കൗണ്ട് ഹെഡ്ഡ് 320700205ൽ അവശേഷിക്കുന്ന തുക 2018-19 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണ്.

2. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഈ വിഭാഗത്തിനായ 240925 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 18803 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്(8%). വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ഈ വിഭാഗത്തിനായി ആകെ 1704500രൂപ വകയിരുത്തിയിരുന്നവെങ്കിലും 998500 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്(56%).

3. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.6. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് അഗതിരഹിത കേരളം പദ്ധതി. പ്രസ്തുത പദ്ധതിയ്ക്കായി പ്രോജക്ട് നം. 38, 89, 176 എന്നിവയിലായി ആകെ 915920 രൂപ അടങ്കൽ വകയിരുത്തിയിരുന്നവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത്. 494089 രൂപ മാത്രമാണ്(54%). ഇതിൽ പ്രോജക്ട് നം 176 മാത്രമാണ്നടപ്പിലാക്കിയിരിക്കുന്നത്. അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ എന്നിവർ പദ്ധതി നടപ്പിലാക്കിയിട്ടു തന്നെയില്ല

4 ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2019-20 വർഷവും ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

| ഹെഡ്ഡ്കോഡ് | 2018-19 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 2019-20 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|
| 320700205 | 515775 | 515775 |
| 320200202 | 1235067 | 270618 |
| 320200322 | 4171357 | 3880357 |
| 320800101 | 1435 | 1976 |
| 320700204 | 437935 | 921785 |
| 320400199 | 0 | 1560000 |
| 320100121 | 1423066 | 1065679 |
| 320100101 | 16246 | 515900 |

ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അക്കൗണ്ട് ഹെഡ്ഡ് 320700205ൽ അവശേഷിക്കുന്ന തുക 2018-19 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണ്.

2. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഈ വിഭാഗത്തിനായ 240925 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 18803 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്(8%). വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ഈ വിഭാഗത്തിനായി ആകെ 1704500രൂപ വകയിരുത്തിയിരുന്നവെങ്കിലും 998500 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്(56%).

3. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.6. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് അഗതിരഹിത കേരളം പദ്ധതി. പ്രസ്തുത പദ്ധതിയ്ക്കായി പ്രോജക്ട് നം. 38, 89, 176 എന്നിവയിലായി ആകെ 915920 രൂപ അടങ്കൽ വകയിരുത്തിയിരുന്നവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത്. 494089 രൂപ മാത്രമാണ്(54%). ഇതിൽ പ്രോജക്ട് നം 176 മാത്രമാണ്നടപ്പിലാക്കിയിരിക്കുന്നത്. അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ എന്നിവർ പദ്ധതി നടപ്പിലാക്കിയിട്ട തന്നെയില്ല

4 ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 6460046 | 4849380 | 75% |
| | സേവനം | 18818996 | 17976666 | 96% |
| | പശ്ചാത്തലം | 75000 | 0 | 0% |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 7716000 | 5451967 | 71% |
| | പശ്ചാത്തലം | 1410520 | 778615 | 55% |
| പട്ടിക വർഗ്ഗ വിഭാഗം | ഉല്പാദനം | 176000 | 80000 | 45% |
| | സേവനം | 349000 | 282467 | 81% |
| | പശ്ചാത്തലം | 0 | 0 | 0 |

ഇത് സംബന്ധിച്ചഓഡിറ്റ് എൻക്വയറി നം. 9ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതി ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾതയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ധേശ ഭരണ സ്ഥാപനങ്ങളുടെ ഭരണ ഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതെ ഇരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 185 | 230212320 | | 58199439 | 78 | 42.16% |

പദ്ധതി രൂപീകരണം - അപാകതകൾ

1.സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ

സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷം 5.10.2019ൽ മാത്രമാണ് ആസൂത്രണ സമിതി യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുതയോഗത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ വിളിച്ചു ചേർക്കുന്നതിനും പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നപദ്ധതികൾ ഉൾപ്പെടുത്താനുമുള്ള ഒരു തീരുമാനം മാത്രമാണ് കൈക്കൊണ്ടിട്ടുള്ളത്. പ്രസ്തുത തീയതിൽ മിനിട്സ് സാക്ഷ്യപ്പെടുത്തുകയോ ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല.

2 .സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 11.10.2018, 28.11.2018 എന്നീ തീയതികളിലാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3. സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.2.1(1) പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. വികസനപരിപ്രേക്ഷ്യവുംകരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ 2019-20വർഷത്തെ പദ്ധതി രൂപീകരണത്തിനു വേണ്ടിയുള്ള ഗ്രാമസഭാ 28.10.2018ലും വ്യക്തിഗത ആനുകൂല്യഗ്രാമസഭ 10.2.2019ലുമാണ് ചേർന്നിരിക്കുന്നത്. അതിനു ശേഷം 9.2.2020ൽ മാത്രമാണ് ഗ്രാമസഭ ചേർന്നിരിക്കുന്നത്. 28.10.2018ൽ ചേർന്ന ഗ്രാമസഭായോഗത്തിൽ പദ്ധതികളെ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

4. സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.4.2 (1) പ്രകാരംപദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുന്നോടിയായി മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോമേഖലയിലും വകയിരുത്തേണ്ട തുക അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോസ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല,ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിൻമേൽ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളെ സംബന്ധിച്ച ശുപാർശകൾ നൽകിയിട്ടുണ്ടെങ്കിലും മേഖലാ വിഭജനം, അനിവാര്യ വകയിരുത്തൽ എന്നിവ പരിശോധിച്ച ശേഷമാണോ ശുപാർശകൾനൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.

5. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 230212320 രൂപയും ചെലവ് 58199439 രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 25% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതി വിഹിതം ആസൂത്രണം ചെയ്ത് ചെലവാക്കുന്നതിലെ ജാഗ്രത കുറവ് വ്യക്തമാക്കുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി വിഹിതം വകയിരുത്തുകയും എന്നാൽ അവ ശരിയായ വിധത്തിൽ വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയില്ല. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഫണ്ട് വകയിരുത്തുകയും എന്നാൽ ചെലവഴിക്കാതെയിരിക്കുകയും ചെയ്യുക വഴി പഞ്ചായത്തിന്റെ സമഗ്രമായ പുരോഗതിയ്ക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് പാഴായിപ്പോയത്. താരതമ്യേന തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിന്റെ സമഗ്രമായ പുരോഗതിയ്ക്കാവശ്യമായ പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിച്ച് നടപ്പിലാക്കേണ്ടതും അവ ലക്ഷ്യപ്രാപ്തിയിൽ എത്തുന്നുവെന്നുറപ്പുവരുത്തേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 16246 | 2199874 | 2216120 | 1700220 | 515900 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 28102220 | 28102220 | 28102220 | 0 |
| ആകെ | 16246 | 30302094 | 30318340 | 29802440 | 515900 |

## 1-6-1 MNREGA പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തുന്നില്ല

MNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12ന് മറുപടി ലഭിച്ചില്ല.

## 1-6-2 MNREGS ഇനത്തിൽ Administrative Expenses ഇനത്തിലുള്ള വരവ്, ചെലവ് എന്നിവ എ.എഫ്.എസും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

MNREGS ഇനത്തിൽ Administrative Expenses ഇനത്തിലുള്ള വരവ്, ചെലവ് എന്നിവ എ.എഫ്.എസും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

രജിസ്റ്റർ പ്രകാരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 16246 | 2199874 | 2216170 | 1700220 | 515900 |

എ.എഫ്.എസ് പ്രകാരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 16246 | 1407874 | 1424120 | 1990 | 515900 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12നുള്ള മറുപടിയിൽ MNREGS ഭരണചെലവുകൾക്കുള്ള തുക മുൻകൂറായി നൽകിയത് തിരികെ MNREGS ബാങ്ക് അക്കൗണ്ടിൽ ലഭിച്ചാൽ ആയത് ചെക്ക് നൽകി തനത് ഫണ്ട് ബാങ്കിലേക്ക് മാറ്റുമ്പോൾ ബാങ്ക് ടു ബാങ്ക് ട്രാൻസ്ഫർ വഴി കോൺട്രാ എൻട്രി രേഖപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും ഒരേ തുകയ്ക്ക് രണ്ട് തവണ രസീത് ചെയ്യുന്നത് ഒഴിവാക്കാനാണ് ഈ രീതി പിൻതുടരുന്നതെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ഇപ്രകാരം തുക രേഖപ്പെടുത്തിയപ്പോൾ Income And Expenditure Statement -ൽ തുക രേഖപ്പെടുത്തുന്നുണ്ടെങ്കിലും Receipt And Payment Statement-ൽ തുക രേഖപ്പെടുത്തുന്നില്ല. ആയതിനാലാണ് അഡ്വാൻസ് അല്ലാതെ MNREGS ബാങ്കിൽ നിന്ന് പേമെന്റ് നടത്തിയ 1990/-രൂപ മാത്രം എ.എഫ്.എസിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും അറിയിച്ചിരിക്കുന്നു.കൂടാതെ 100 ദിവസം വർക്ക് പൂർത്തീകരിച്ചവർക്കുള്ള തുക എ.എഫ്.എസിൽ State Sponsered Scheme-ൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിച്ചിരിക്കുന്നു.

## 1-6-3 കിണർ റീചാർജ് പ്രവൃത്തികൾ 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയില്ല.

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) 161/16 ത.സ്വ.ഭ.വ തി. 9.11.16 പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച് പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29 നുള്ള മറുപടിയിൽ കിണർ റീചാർജ് സംബന്ധിച്ച് പ്രവർത്തികൾ ഗ്രാമസഭയിൽ ചർച്ച ചെയ്യാത്തതിനാലാണ് ആക്ഷൻ പ്ലാനിൽ ഉൾക്കൊള്ളിക്കാത്തതെന്ന് അറിയിച്ചിരിക്കുന്നു.

## 1-6-4 M-ബുക്ക് പരിപാലിക്കുന്നതിൽ അപാകത

ലൈഫ് ഭവന പദ്ധതി-പെരുകൂർ വാർഡിലെ പദ്ധതി (ശ്രീമതി.സുലഭ), റേഷൻകടനട മരുതൂർക്കോട് പാലം വരെയുള്ള വലിയതോട് പുനരുദ്ധാരണം , ലൈഫ് ഭവന പദ്ധതി-വാഴക്കോട് വാർഡ് (ശ്രീമതി മാജിതാബീവി), ലൈഫ് ഭവന

പദ്ധതി-ചീരാണിക്കര വാർഡ് (ശ്രീമതി.സിന്ധുമോൾ) എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ M-ബുക്ക് പരിപാലിക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.M-ബുക്ക് ഓരോദിവസത്തെയും തൊഴിലാളികളുടെ വേതനം, പണിയായുധ വാടക എന്നിവ രേഖപ്പെടുത്തി ആതാത് ദിവസം Accredited Engineer ചെക്ക് മെഷർ ചെയ്തതായി സാക്ഷ്യപ്പെടുത്തി, ചെലവ് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. M-ബുക്കിൽ Detailed Estimate പ്രകാരമുള്ള Itemwise Description രേഖപ്പെടുത്തിയിട്ടില്ല.

2.M-ബുക്കിൽ ഫൈനൽ ബിൽ തയ്യാറാക്കി സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടില്ല.

3.ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിന് യാതൊരുതുകയും ചെലവഴിച്ചിട്ടില്ല.

4.ലൈഫ് ഭവന പദ്ധതി-വാഴക്കോട് വാർഡ് (ശ്രീമതി.മാജിതാബീവി) എന്ന പദ്ധതിയുടെ M-ബുക്കിൽ പേജ് നം 3പ്രകാരം 2710/- തൊഴിലാളികളുടെ വേതനം ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീയതിയും, Accredited Engineer ചെക്ക് മെഷർ ചെയ്തതായുള്ള സാക്ഷ്യപ്പെടുത്തലുമില്ല. കൂടാതെ 2/8/2019-ൽ 2710/- തൊഴിലാളികളുടെ വേതനം ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതും Accredited Engineer ചെക്ക് മെഷർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 52ന് മറുപടി ലഭിച്ചില്ല. പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തുന്ന ആധികാരിക രേഖയാണ് എം. ബുക്ക്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 ലെ7.12.5 പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി M-ബുക്ക് പരിപാലിക്കേണ്ടതാണ്.

## 1-6-5 മാർഗ്ഗരേഖ പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിക്കുന്നില്ല

തൊഴിലുറപ്പപദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകളുടെ ചെക്ക് ലിസ്റ്റ് ഫയലിൽ ഉൾചേർത്തിട്ടുണ്ട്.എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

1.ഡിമാന്റ് ലിസ്റ്റ്

2വർക്ക് അലോക്കേഷൻ ലിസ്റ്റ്

3.സൈറ്റ് ഡയറി

4.തുക നൽകിയതുമായി ബന്ധപ്പെട്ട (FTO Report) വിവരങ്ങൾ

5.പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ്

6. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് (Annex.VI)

7.പ്രവത്തി പൂർത്തീകരണ സാക്ഷ്യപത്രം (Annex.V)

8.ആസ്തിയുടെ ജിയോ ടാഗുള്ള ഫോട്ടോ,

9.സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ രേഖകൾ

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 29 നള്ള മറുപടിയിൽ ഡിമാന്റ് ലിസ്റ്റ് ഗ്രൂപ്പ് അടിസ്ഥാനത്തിലാണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും, വ്യക്തിഗത ആനുകൂല്യങ്ങൾ ഒഴികെയുള്ള പ്രവർത്തികൾക്ക് സൈറ്റ് ഡയറി, FTO Report രജിസ്റ്റർ, സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റ രജിസ്റ്ററുകൾസൂക്ഷിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. മസ്റ്റർറോൾ മൂവ്മെന്റ് സ്ലിപ്പിന് പകരം മസ്റ്റർ റോൾ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് അറിയിച്ചെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല. ആസ്തിയുടെ ജിയോ ടാഗുള്ള ഫോട്ടോ MIS പ്രകാരം ഉണ്ടെന്നും, പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലെ ഫോട്ടോ സൂക്ഷിക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. വർക്ക് അലോക്കേഷൻ ലിസ്റ്റ് ഉൾക്കോള്ളിക്കുന്നതാണെന്നും പ്രവത്തി പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-7-1 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 552360 | 331 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3214800 | 1114 |
| വിധവാ പെൻഷൻ | 10912800 | 3680 |
| വാർദ്ധക്യകാല പെൻഷൻ | 18878100 | 6236 |
| വികലാംഗ പെൻഷൻ | 2865800 | 961 |
| വിവാഹ ധനസഹായം | 150000 | 5 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 219000 | 74 |

## 1-7-2 തൊഴിൽ രഹിതവേതനരജിസ്റ്ററുകൾ അപൂർണ്ണമാണ്

തൊഴിൽ രഹിതവേത രജിസ്റ്ററിൽ ഫോട്ടോ, അഡ്രസ്സ്, ജനനതീയതി തുടങ്ങിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ അപൂർണ്ണമാണ്. ഇതിന്റെ വിശദാംശം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 24/2019-2020 ന് മറുപടി ലഭ്യമാക്കിയില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനം | പേര് | റോൾ നം |
|---|---|---|
| 1 | പത്മപ്രിയ ആർ | A 454 |
| 2 | സന്തോഷ് കെ | A 600 |
| 3 | ദീപ ബി | A 601 |
| 4 | സന്ധ്യ എസ് | A 603 |
| 5 | വിഷ്ണു സി | A 609 |
| 6 | ഷംല ജെ | A 607 |
| 7 | രമ്യ എം എസ് | A 604 |

രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്,

## 1-7-3 പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

2019-2020 സാമ്പത്തിക വർഷത്തിൽ വെമ്പായം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളിൽ, ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരവും സേവനസോഫ്റ്റ് വെയറും തമ്മിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു. സർക്കുലർ നം.69/2018/ധന തീയതി.26/07/2018-ലെ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാ ബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ് വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ആയതിനാൽ തുക അടവാക്കി ഓഡിറ്റിനെ അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കാവുന്നതാണ്. ഇതിന്റെ വിശദീകരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 24/2019-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ആധാർ നം | പേര് | പെൻഷൻ | മരിച്ച തീയതി | അധികം കൈപ്പറ്റിയ കാലയളവ് | അധികം കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1 | 321802103345 | സുകുമാരൻ നാടാർ | വാർദ്ധക്യകാല പെൻഷൻ | 15/05/2019 | 2 മാസം 06/2019 മുതൽ 07/2019 വരെ | 3000 |
| 2 | 700411846604 | ശോശാമ്മ മത്തായി | വാർദ്ധക്യകാല പെൻഷൻ | 31/05/2019 | 1 മാസം 07/2019 | 1500 |
| | | | | | ആകെ | 4500 |

## 1-7-4 പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം ചെയ്യുമ്പോൾ പെൻഷൻ രജിസ്റ്ററിൽ, പെൻഷൻ അനുവദിച്ച വ്യക്തിയുടെ സ്റ്റാറ്റസ് കോളത്തിൽ ടി വ്യക്തികൾക്ക് എന്നു മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ ഐഡി നം, ഫയൽ നം എന്നീ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. പെൻഷൻ രജിസ്റ്ററുകൾ ശരിയായി പരിപാലിച്ചിട്ടില്ല. ടി അപാകം പരിഹരിക്കേണ്ടതാണ്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2021, 3.35 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23801/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ മറ്റ് വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്.

2.റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു. വസ്തുനികുതി വരവുകളിൽ കൃത്യത പാലിക്കേണ്ടതുണ്ട്.
3.പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിട നമ്പരുകളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.
4.ഇൻകംബൻസി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.
5.അസറ്റ് രജിസ്റ്റർ കാലികമല്ല.
6.ലേല രജിസ്റ്റർ പൂർണ്ണമല്ല.
7.രസീതുകൾ കൈകാര്യം ചെയ്യുന്നതിലും വരവുകൾ കൃത്യമായും സമയബന്ധിതമായും അടക്കുന്നതിലും കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.06.2019 | 2018-19 | 29.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.08.2015 | 2014-15 | 12.04.2017 |

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 10.3.2020 മുതൽ 31.03.2021 വരെയുള്ള രസീതു ബുക്കുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. ക്യാൻസൽ ചെയ്ത രസീതുകളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ

| ക്രമ നമ്പർ | രസീതു ബുക്ക് നമ്പർ/രസീതു നമ്പർ/ തീയതി | അപാകത |
|---|---|---|
| 1 | ബുക്ക് നം.2972, രസീത് നം. 37/6.3.2021,13/5.3.2021,55/6.3.2021, 97/6.3.2021 | ക്യാൻസൽ ചെയ്ത രസീതുകളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | ബുക്ക് നം. 2978, രസീത് നം.22/6.3.2021 | |
| 3 | ബുക്ക് നം. 2985, രസീത് നം. 77/10.3.2021 | |
| 4 | ബുക്ക്നം. 2962, രസീത് നം. 89/4.3.2021 | |
| 5 | ബുക്ക് 2986, രസീത് നം. 63/31.3.2021 | |

3. രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

| ക്രമ നമ്പർ | രസീതു ബുക്ക് നമ്പർ | അപാകത |
|---|---|---|

| | | |
|---|---|---|
| 1 | 7637, 7635, 7638, 2960, 2963, 2964, 2967, 2970, 2972, 2978, 2982, 2985, 2989, 2961, 2966, 2969, 2973, 2975, 2977, 2980, 2983, 2984 | രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. |

4. രസീത് ബുക്ക് പ്രകാരമുള്ള തുക ബാങ്കിൽ പൂർണ്ണമായും ഒടുക്ക വരുത്തിയില്ല.

| ക്രമ നം. | രസീത് ബുക്ക് നം. | രസീത് നം. | കളകഷൻ തുക | ബാങ്കിൽ അടവാക്കിയ തുക |
|---|---|---|---|---|
| 1 | 7613 | 16/26.2.2020 | 30 | 0 |
| 2 | 7610 | 8-15/18.2.2020 | 1867 | 1767 |
| 3 | 2972 | 44/6.3.2021 | 279 | 137 |
| 4 | 2984 | 47-56/29.3.2021 | 3833 | 3733 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കളക്ഷൻ ലഭ്യമായ തുക ബാങ്കിൽ അടവാക്കാതിരിക്കുകയും കുറവ് അടവാക്കുകയും ചെയ്യുന്നത് സാമ്പത്തിക അച്ചടക്കമില്ലായ്മയും ക്രമക്കേടുമായി കണക്കാക്കുന്നു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, കേരള ഫിനാൻസ് കോഡ് എന്നിവ അനുശാസിക്കും പ്രകാരംമാത്രം രസീത് പിരിവ്, ഒടുക്ക് എന്നിവ ക്രമീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും ഒടുക്കുവാൻ അവശേഷിക്കുന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്. അടിയന്തിരമായി ഇക്കാര്യത്തിൽ മറുപടി നല്കേണ്ടതാണ്.

## 1-12 വസ്തു നികുതി നിർണ്ണയം- അപാകതകൾ

വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

I വസ്തുനികുതിനിർണ്ണയം-പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് ഫയലുകൾ പരിശോധിച്ചതിൽ യാതൊന്നിലും തന്നെ ഫോറം 6, രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല.

എൽ.എസ്.ജി.ഡി എ.ഇയുടെ സ്ഥലപരിശോധനാറിപ്പോർട്ടാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ സഞ്ചയയിൽ വസ്തു നികുതി കൃത്യമായാണോ

കണക്കാക്കിയിരിക്കുന്നത് എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഇത് സബന്ധിച്ച ഓഡിറ്റ് എൻക്വയറി നം, 44 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യതയും സുതാര്യതയും ഉറപ്പാക്കുന്നതിന് ഫീൽഡ് പരിശോധന വേളയിൽ തയ്യാറാക്കിയ ഫോറം 6 അനിവാര്യമായതിനാൽ ആയതു ഫയലനോടൊപ്പം സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

II.വസ്തുനികുതിനിർണ്ണയം- സഞ്ചയയിൽ വിസ്തീർണ്ണം കുറവായി രേഖപ്പെടുത്തിയിരിക്കുന്നു

ഫയൽ നം. A4-5928/19/22.7.2019

ശ്രീമതി. എം. റസിയാബീവി കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം ഉള്ള Area Calculation ചുവടെ ചേർക്കുന്നു.

Existing- Unti 1(GF)- 78.45M2

Extension Unit I-(GF)-18.45 M2

Extension Unit II-(FF) -89.96 M2

സഞ്ചയ പരിശോധിച്ചതിൽ കെട്ടിട നം. 5/63 എയിൽ 89.96 ച.മീറ്ററും 5/63ൽ 85.21 ച.മീറ്ററുമാണ് ആകെ വിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നത്. ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം ആകെ 186.86 ച.മീ വിസ്തീർണ്ണം വരേണ്ട സ്ഥലത്ത് ആകെ 175.17 ച.മീറ്റർ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 11.69 ച.മീറ്ററിന്റെ കുറവ് കാണുന്നു, ഇതുവഴി അടിസ്ഥാന വസ്തു നികുതിയിൽ തന്നെ 11.69X5=58.45/- രൂപയുടെ കുറവ് ഉണ്ടായി. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 47 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വസ്തുനികുതികൃത്യമായി കണക്കാക്കി ഈടാക്കേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

III ഡേറ്റാ പ്യൂരിഫിക്കേഷൻ- ഫോറം6 തയ്യാറാക്കിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫോറം-6 ന്റെ അഭാവത്തിൽ ഡേറ്റാ പ്യൂരിഫിക്കേഷന്റെ കൃത്യത പരിശോധിക്കാ-
നായിട്ടില്ല. ഡേറ്റാ പ്യൂരിഫിക്കേഷൻ കൃത്യമായി ആണ് നിർവ്വഹിച്ചിരിക്കുന്നതെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

IV .സേവന ഉപനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2011ലെ കേരള പഞ്ചായതത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26, 27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിംടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരുമാന വർദ്ധനവില്ലപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

V.60 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി ഈടാക്കിയിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയതായി കാണുന്നില്ല. വാർഡ് 17, 11,18 എന്നിവ മാത്രം
പരിശോധിച്ചതിൽ ഉദാഹരണം ചുവടെ

| വാർഡ്/കെട്ടിട.നം | പേര് /വിലാസം | വിസ്തീർണ്ണം |
|---|---|---|
| 17/157 | എൻ.സ്വർണ്ണമ്മ, തടത്തരികത്തു വീട് | 90ച.മീ |

| | | |
|---|---|---|
| 17/163 | ആർ.പുരുഷോത്തമൻ, മാങ്കുന്നിൽ വീട് | 95ച.മീ |
| 17/167എ | സന്തോഷ്കമാർ, ശാന്തിമന്ദിരം | 100ചമീ |
| 17/565 | രാജാ അൽഫോൺസ്, ലക്ഷം വീട് | 70ച.മീ |
| 11/109 | പി. സുഗുണ, ചരുവിള വീട് | 61ച.മീ |
| 18/126 | മോളി, കുന്നിൽ വീട് | 62ച.മീ |
| 18/154 | ജഗദമ്മ, തടത്തരികത്തുവീട് | 64.8ച.മീ |
| 18/208 | തങ്കപ്പൻപിള്ള, തടത്തരികത്തു വീട് | 63 ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 25 ന് സോഫ്റ്റ് വെയറിലെ പിശക് മൂലമാണ് ഇത്തരത്തിലൊരു അപാകത ഉണ്ടായിട്ടുള്ളതെന്ന് ഐ.കെ.എം. ബ്ലോക്ക് ടെക്നിക്കൽ അസിസ്റ്റന്റ് അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത രീതിയിൽ നികുതി ഒഴിവായ കെട്ടിടങ്ങളുടെ വിവരങ്ങൾ കണ്ടെത്തി ടാക്സ് റിവിഷൻ നടത്തി അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വാർഡുകളിലേയും ഇത്തരത്തിൽ നികുതി ഒഴിവായ മുഴുവൻ കെട്ടിടങ്ങളേയും കണ്ടെത്തേണ്ടതും അപാകത പരിഹരിച്ച്നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

VI ഡിമോളിഷ്ഡ് ബിൽഡിംഗ് -അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | ഫയൽ നം.തീ | കെട്ടിട നം | പേര് | ഉപയോഗക്രമം | ഒഴിവാക്കിയ കാലയളവ് | ഇളവ് ചെയ്തിട്ടുള്ള നികുതി |
|---|---|---|---|---|---|---|
| 1 | ബി3/9386 /2019/16.12.2019 | 1/166 | മുഹമ്മദ് ഹനീഫ | പാർപ്പിടം | 2019 ആദ്യ അർദ്ധവർഷം | 35 |
| 2 | ബി3-084/2020 | 1/135ബി | ഷിജ്ജ അലി അക്ബർ | വാണിജ്യം | 2019 ആദ്യ അർദ്ധവർഷം | 4090 |
| 3 | ബി3-2084/2020 | 1/356 | ഷിജ്ജ അലി അക്ബർ | വാണിജ്യം | 2019 ആദ്യ അർദ്ധവർഷം | 4090 |
| 4 | ബി3-3793/19 /20.4.2019 | 3/26 | വിജയകുമാർ | പാർപ്പിടം | 2019 ആദ്യ അർദ്ധവർഷം | 84 |
| 5 | ബി3-9610/2019 /21.11.2019 | 3/112 | കുമാരി സരള | പാർപ്പിടം | 2019 ആദ്യ അർദ്ധവർഷം | 168 |

മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണവും നികുതി ഒഴിവാക്കിയതിന്റെ അപേക്ഷയും, ഫയലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.36ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി ഇനത്തിൽ ഭീമമായ തുക ഒഴിവാക്കി നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. നികുതി ഒഴിവാക്കി നൽകിയതിന്റെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ഉൾപ്പെട്ട വിശദമായ റിപ്പോർട്ട് ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

VII മിസ്സിംഗ് നമ്പേഴ്സ്-അപാകതകൾ

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിൽ ഓരോ വാർഡിലും 'മിസിംഗ് ബിൽഡിംഗ് ' ആയി ആകെ 2287കെട്ടിടങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | മിസിംഗ് ബിൽഡിംഗുകളുടെ എണ്ണം |
|---|---|
| 1 | 31 |
| 2 | 31 |
| 3 | 78 |
| 4 | 303 |
| 5 | 41 |
| 6 | 68 |
| 7 | 307 |
| 8 | 139 |
| 9 | 69 |
| 10 | 98 |
| 11 | 44 |
| 12 | 54 |
| 13 | 46 |
| 14 | 86 |
| 15 | 204 |
| 16 | 218 |
| 17 | 62 |
| 18 | 79 |

| | |
|---|---|
| 19 | 178 |
| 20 | 100 |
| 21 | 51 |
| ആകെ | 2287 |

ഇത്രയധികം കെട്ടിടങ്ങൾ മിസ്സിംഗ് ബിൽഡിംഗുകളുടെ ഗണത്തിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം, അവയ്ക്ക് നികുതി നിർണയിച്ച് ഈടാക്കാത്ത-

തിനുള്ള കാരണം, കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ, മിസ്സിംഗ് ബിൽഡിംഗുകളുടെ വിഷയത്തിൽ ഇതുവരെ സ്വീകരിച്ച തുടർ നടപടികൾ എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയരി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച പരിശോധനകൾ നടത്തി അപാകതകൾ പരിഹരിക്കേണ്ടതും തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

VIII വസ്തുനികുതി-60 ച.മീ-വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയതിലെ അപാകതകൾ

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് കെട്ടിട നികുതിയിളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള

കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വാർഡ് 3 പരിശോധിച്ചതിൽ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 3/26ബി | ഷംല. എസ്, ഷാൻമൻസിൽ |
| 2 | 3/31 | ചിത്രലേഖ, ഇടമല പുത്തൻവീട് |
| 3 | 3/54 | ചിത്രലേഖ, ശർമ്മിള മന്ദിരം |
| 4 | 3/99 | ഓമന അമ്മ, ഇലവിൻകുഴി |
| 5 | 3/103 | ജി.രാധമ്മ, പുതുപുറത്തുവീട് |
| 6 | 3/470 | രാധമ്മ, താന്നിവിള വീട് |

ബി) 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരാളുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി

ജി.ഒ(ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ |
|---|---|---|
| 1 | 13/171<br>13/163 | വി. ദാസൻനാടാർ, കാളിക്കോണം |
| 2 | 13/353<br>13/387 | കെ.വേലായുധൻപിള്ള, രമ്യാ നിവാസ് |

സി) മുൻകാല പ്രാബല്യത്തില് നികുതിയിളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണം വാർഡ് 4ൽ നിന്നും ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 4/89 | മായ ആരോമൽ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 4/91 | അനിക്കുട്ടൻ.പി | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 4/98 | ലളിത.ടി | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 4/100 | കെ. വാസുദേവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 4/256 | വത്സലകുമാരി | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 4/313 | എം.മുഹമ്മദ് ഇസ്മയിൽ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 4/395 | ഷാഹുൽഹമീദ് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 4/406 | മനോജ്എം.ആർ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം35 ന് മറുപടിലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ 21 വാർഡുകളിലും ഇത്തരത്തിൽ അപാകത സംഭവിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളും കണ്ടെത്തേണ്ടതും അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഭരണസമിതി ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

IX വസ്തുനികുതി-മേഖലാനിർണ്ണയത്തിലെ അപാകതകൾ

1) വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ അത്തരത്തിലൊരു മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ലായെന്ന് ഓഡിറ്റ് എൻക്വയറിനം.34 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിരിക്കുന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരംതിരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 11/50ബി | ജയകുമാർ.കെ, സോപാനം | വിളയിൽശ്രീകുമാർ റോഡ് | ദ്വിതീയം |
| | 11/50 | | വിളയിൽശ്രീകുമാർ റോഡ് | പ്രഥമം |
| 2 | 11/81എ | രജികുമാർ.എം മാധവം | എം.സിറോഡ് വട്ടപ്പാറ, വെമ്പായം | ദ്വീതീയം |
| | 11/81ബി | | എം.സിറോഡ് വട്ടപ്പാറ, വെമ്പായം | പ്രഥമം |
| 3 | 11/298 | ജി. കേശവൻനായർ, കാർത്തിക | എം.സിറോഡ് വട്ടപ്പാറ, വെമ്പായം | ദ്വീതീയം |
| | 11/300 | | | പ്രഥമം |
| 4 | 9/16 | എ.സക്കീർഹുസൈൻ | പാലമൂട്കുണ്ടൂർറോഡ് | ദ്വിതീയം |
| | 9/17 | | പാലമൂട്കുണ്ടൂർറോഡ് | പ്രഥമം |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 34 ന് എം.സി റോഡ് ഇരുവശവും പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ടതാണെന്നും ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്നമുറയ്ക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മുഴുവൻ വാർഡുകളിലേയും സഞ്ചയപ്രകാരമുള്ള കെട്ടിടങ്ങളിൽ ഇപ്രകാരം അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും അപാകത പരിഹരിച്ച് തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

X വേക്കൻസി റമിഷൻ- അപാകതകൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21(2)(ബി) പ്രകാരം, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് കണക്കാക്കുന്നത്, കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | കെട്ടിട നം | ഉപയോഗ ക്രമം | കെട്ടിട ഉടമ | ഫയൽതീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | 8/354 | പാർപ്പിടം | സത്യബാബു | ബി2/3416 /19/31.3.2020 | 1.10.2019-31.3.2020 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 37 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് എല്ലാ വാർഡുകളിലേയും ഇത്തരത്തിൽ നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ച് കണ്ടെത്തേണ്ടതും അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

XI മൊബൈൽ ടവർ - വസ്തു നികുതി അടവാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള താഴെപ്പറയുന്ന മൊബൈൽ ടവറിൽ നിന്ന് 2019-20 സാമ്പത്തിക വർഷം വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു.(ഓഡിറ്റ് എൻക്വയറി നം. 16)

| ടവറിന്റെ വിവരം | വാർഡ്നം/കെട്ടിടനം. | വിസ്തീർണ്ണം | 2019-20 വർഷത്തേയ്ക്ക് | ഒടുക്കാൻ അവശേഷിക്കുന്ന |
|---|---|---|---|---|

| | | | ഡിമാന്റ് തുക | തുക |
|---|---|---|---|---|
| ഇൻഡസ് ടവർ | 4-142എ | 8ച.മീ | 4620 | 22 |
| റിലയൻസ് ടവർ | 5-10 | 9.63ച.മീ | 6067 | 6067 |

വസ്തു നികുതിയിനത്തിൽ മൊബൈൽ ടവറുകളിൽ നിന്ന് ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2019-20വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/കെട്ടിട.നം | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് | തുക |
|---|---|---|---|---|
| 11/607ബി | രവി കിരൺ | 119030100463/26.4.2019 | 2016 I&II Half | 1790 |
| 6/845 | സുമയ്യാബീവി | 119030100944/10.5.2019 | 2016 I&II Half | 562 |
| 3/424 | അരുൺസദാശിവൻ | 119030102829/16.8.2019 | 2013 I&II Half | 561 |
| 4/122 | അപ്പുക്കുട്ടൻ ആശാരി | 119030103181/4.9.2019 | 2019 I&II Half | 205 |
| 17/49 | സോമൻനായർ | 119030104160/2.11.2019 | 2019 I&II Half | 14 |
| 4/183 | അയിഷബീവി | 119030105134/26.11.2019 | 2019 I&II Half | 207 |
| 3/356 | സി.ഡികൃഷ്ണൻ | 119030105202/28.11.2019 | 2019 I&II Half | 453 |
| 17/419എ | ജലാലുദ്ദീൻ | 119030105575/6.12.2019 | 2015&2016 I&II Half | 783 |
| 5/249 | ഹക്കിം സാഹിബ് | 119030107766/6.3.2020 | 2019 I&II Half | 648 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.44 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. .റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. തുടർവർഷങ്ങളിൽ പ്രസ്തുത തുക ഡിമാന്റ് ചെയ്യിട്ടില്ലാത്തതിനാൽ അതുവഴി തനതു ഫണ്ടിന് ചോർച്ചയും സംഭവിക്കുന്നു. ഇപ്രകാരം റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കം ചെയ്യാത്തതു വഴി ആകെ 4483 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടം വന്ന തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-14 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിട നമ്പരുകളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക

പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററിലെ ക്രമനം 120 മുതൽ 165 വരെയുള്ള അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ പാർപ്പിടാവശ്യങ്ങൾക്ക് വസ്തു നികുതി കണക്കാക്കുന്ന താഴെപ്പറയുന്ന കെട്ടിട നമ്പരുകളിൽ വാണിജ്യാവശ്യത്തി ന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ലൈസൻസ് ആവശ്യകത | സഞ്ചയ ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 1/320എ | ജോസഫ് സഖറിയാസ് | സിൻസാക് സെയിൽസ് & സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് | പാർപ്പിടം |
| 2 | 9/33 | അബ്ദുൾ റഷീദ് | നവാ സ്റ്റോഴ്സ് | പാർപ്പിടം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിനം.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ പാർപ്പിടാവശ്യത്തിന് നികുതി ഒടുക്കു വരുത്തുകയും എന്നാൽ പ്രസ്തുത കെട്ടിടത്തിൽ വാണിജ്യാവശ്യത്തിന് ലൈസൻസ് കരസ്ഥമാക്കുകയും ചെയ്യുന്ന പൂർണ്ണമായും അവസാനിപ്പിക്കേണ്ടതുംലൈസൻസ് നൽകുന്ന വേളയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-15 തൊഴിൽനികുതി -അപാകതകൾ

1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ന് ആനുപാതികമായി അല്ലാതെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.

| സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര് | അർദ്ധ വർഷം | തൊഴിൽ നികുതിയ്ക്ക്കണക്കാക്കാവുന്ന വരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| P.H.C വെമ്പായം | സാവിത്രി.ജി, അറ്റൻഡന്റ് | I Half | 129600 | 1000 | 1250 | 250 |
| | സാവിത്രി.ജി, അറ്റൻഡന്റ് | II Half | 129600 | 1000 | 1250 | 250 |
| പാലിയം ഇന്ത്യട്രസ്റ്റ് | മിനു. എ.എസ്, എക്സിക്യൂട്ടീവ് സെക്രട്ടറി | II Half | 130073 | 1000 | 1250 | 250 |

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി നം. 18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടം വന്ന തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996ലെ കേരള പഞ്ചായതത് രാജ്(തൊഴിൽനികുതി ചട്ടങ്ങൾ) ചട്ടം 4,5,6 എന്നിവ അനുശാസിക്കും പ്രകാരം താഴെപ്പറയുന്നസ്ഥാപനങ്ങളിൽനിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | സ്ഥാപനതൊഴിൽനികുതി അടവാക്കേണ്ടുന്നത് |
|---|---|---|
| 1 | സപ്ലൈകോസൂപ്പർമാർക്കറ്റ്, വട്ടപ്പാറ | I&II Half |
| 2 | മാവേലിസ്റ്റോർ, പെരുംകൂർ | II Half |
| 3 | പിയറിപോൾ പബ്ലിക് സ്കൂൾ | I&II Half |
| 4 | ഷാലോം സ്കൂൾ | I&II Half |

| | | |
|---|---|---|
| 5 | എസ്.ബി.ഐ.വട്ടപ്പാറ | Ihalf |
| 6 | യൂണിയൻ ബാങ്ക് | I&II Half |
| 7 | നെടുമങ്ങാട്കോപ്പറേറ്റീവ്അർബൻ ബാങ്ക് | I&II Half |
| 8 | മിഷൻ ഹോസ്പിറ്റൽ | I&II Half |
| 9 | വേൾഡ് ട്ട വേൾഡ് ടി.വി | II Half |
| 10 | ക്രസന്റ്,വെമ്പായം | I&II Half |
| 11 | എസ്.എൻ.എ ക്ലിനിക് | II Half |
| 12 | ബ്രില്ല്യൻസ് കോളേജ് | II Half |
| 13 | ഫാൽക്കൺ സെക്യൂരിറ്റി സർവീസസ് | I&II Half |
| 14 | ലൂർദ് മൗണ്ട് സ്കൂൾ | I&II Half |
| 15 | റീഡിഫൈൻ മാർക്കറ്റിംഗ്,വട്ടപ്പാറ | I&II Half |
| 16 | ജമാഅത്ത് സ്കൂൾ | I&II Half |
| 17 | റിലയൻസ്റീട്ടെയിൽ വട്ടപ്പാറ | I&II Half |
| 18 | എം.ജി.എം ട്രിനിറ്റി സ്കൂൾ | I&II Half |
| 19 | പി.ഏം.എസ് ഡെന്റൽ കോളേജ് | II Half |
| 20 | സാഫ് ഹോസ്പിറ്റൽ | I&II Half |
| 21 | അനുഗ്രഹ ഓഡിറ്റോറിയം | I&II Half |
| 22 | ഗ്യാലക്സി ഓഡിറ്റോറിയം | I&II Half |
| 23 | സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി, കൊഞ്ചിറ | I&II Half |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയരി നം. 18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനതൊഴിൽ നികുതി ഈടാക്കാനുള്ള സ്ഥാപനതൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനതൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴവൻ സ്ഥാപനങ്ങളേയും കണ്ടെത്തേണ്ടതും തുക ഈടാക്കേണ്ടതുമാണ്. ഈയിനത്തിൽ തനത്ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3.തൊഴിൽ നികുതീ ഈടാക്കുകയോ ഡിമാന്റ് ചെയ്യുകയോചെയ്തിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(എഫ്) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരിമാസത്തിന്റേയും അവസാനത്തിനുമൻപ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തി, അവരിൽ നിന്ന് തുക ഈടാക്കി , നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ജീവനക്കാരുടെ ലിസ്റ്റ് സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് സാക്ഷ്യപത്രം വാങ്ങുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | മാനേജർ, ഫാൽക്കൻ സെക്യൂരിറ്റി | രണ്ടു അർദ്ധ വർഷത്തേയും സാക്ഷ്യപത്രം ലഭ്യമാക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല |
| 2 | മാനേജർ, മുത്തൂറ്റ് മൈക്രോഫിൻ | രണ്ടാം അർദ്ധ വർഷത്തെ സ്റ്റേറ്റുമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 3 | പോലീസ് സ്റ്റേഷൻ, വട്ടപ്പാറ | സ്റ്റേറ്റുമെന്റ് ഇല്ല, തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. |

| | | |
|---|---|---|
| 4 | YMCA, വേറ്റിനാട് | രണ്ടു അർദ്ധ വർഷത്തേയും സാക്ഷ്യപത്രം ലഭ്യമാക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല |
| 5 | അൽ-ഫഖ് മെറ്റൽ ക്രഷേഴ്സ് | രണ്ടു അർദ്ധ വർഷത്തേയും സാക്ഷ്യപത്രം ലഭ്യമാക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല |
| 6 | യു.പി.എസ് കൊഞ്ചിറ | രണ്ടാം അർദ്ധ വർഷത്തെ സ്റ്റേറ്റുമെന്റ് നിശ്ചി ഫോർമാറ്റിൽ അല്ല. അടിസ്ഥാനശമ്പളം, ജീവനക്കാരുടെ പേര്, ആകെ തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല.ടി |
| 7 | എൽ.പി.എസ് കുറ്റിയാണി | രണ്ടാം അർദ്ധ വർഷത്തെ സ്റ്റേറ്റുമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 8 | യു.പി.എസ് ചീരാണിക്കര | സ്റ്റേറ്റുമെന്റ് ഇല്ല, തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. |
| 9 | സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി, കൊഞ്ചിറ | തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.18ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരം നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും ഈടാക്കേണ്ടതുമാണ്. ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4.റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു .

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നം .കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്

5. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.15ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ 60 ദിവസത്തിൽ കൂടുതൽ ഏറ്റെടുത്ത കരാറുകാരിൽ തൊഴിൽ ഒടുക്കുവാൻ ഉള്ളവരെ കണ്ടെത്തി തൊഴിൽനികുതി ഈടാക്കേണ്ടതും തനതുഫണ്ടിൽ മുതൽ കൂട്ടേണ്ടതും തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

1-16 ലൈസൻസ് പ്രകാരമുള്ള അപേക്ഷകളുടെയും രജിസ്റ്ററുകളുടേയും പരിശോധന സംബ--

1. 2019-2020 സാമ്പത്തിക വർഷത്തിൽ ആകെ 242 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് രജിസ്റ്റർ പ്രകാരം ഉണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 238 വ്യാപാര സ്ഥാപനങ്ങൾ ആണ് ഉള്ളത്. ഇതിനു പുറമെ ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ,അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിന്റെ വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ആഡിറ്റ് എൻക്വയറി 48/01/11/2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

2019-2020 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടച്ച രേഖയില്ല.
ഉദാ--

| ക്രമ നം | സ്ഥാപനയുടമയുടെ പേര് | വാർഡ് /കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | അനിൽകുമാർ എസ് ഒ | 13/280-13 | ശിവം ടെയിലേഴ്സ് |
| 2 | സുരേന്ദ്രനാഥ് എസ് എൽ | VP6/84 | മൺപുറം സി എസ് സി ജനസേവനകേന്ദ്രം |
| 3 | സിത്താര എൽ | VPIV/63 | ഡയമണ്ട് ബ്യൂട്ടി പാർലർ |

ലൈസൻസിനുള്ള അപേക്ഷകളിൽ, വാടക കരാറിലെ കെട്ടിടനമ്പരും അപേക്ഷയിലെ കെട്ടിടനമ്പരും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനയുടമയുടെ പേര് | അപേക്ഷ പ്രകാരമുള്ള നം | വാടക കരാർ പ്രകാരം |
|---|---|---|---|
| 1 | മുഹമ്മദ് അസിം | XI/286,287 | VP/II/286,287 |
| 2 | സാജു എൻ വി | 501/9,501/19-1 | VP XIV/60B |
| 3 | ഷീലാകുമാരി | II/382 A&B | VP II/1012, 1013, 1014 |
| 4 | മുഹമ്മദ് ഹാഷിം | XI/77 | II/77 |

ലൈസൻസിനുള്ള അപേക്ഷകളിൽ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല.

| ക്രമ നം | സ്ഥാപനയുടമയുടെ പേര് | വാർഡ്/കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | സിന്ധുറോയി | 13/348,349,350 A | ലയാനാ ബ്യൂട്ടി പാർലർ |
| 2 | അബ്ദുൾ ഹക്കിം എ പി | 6/1-13 | ചപ്പാത്തി കമ്പനി(ന്യൂ മലബാർ ഫുഡ് പ്രോഡക്ട്സ്. |
| 3 | അജി പി | XIV/495-A | ABSസ്റ്റീൽ പ്രോഡക്ട്സ് |
| 4 | എ എൻ ഷഫീക്ക് | XX/422 /1-4/364/-A | ക്വാളിറ്റി ഫർണിച്ചർമാർട്ട് |
| 5 | ബദറുദ്ദീൻ | V/211,212 | ഫ്രൈഡ് ബേക്കറി |

ലൈസൻസിനുള്ള അപേക്ഷകളിൽ മലീനികരണ നിയന്ത്രണബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനയുടമയുടെ പേര് | വാർഡ്/കെട്ടിടനം | വ്യപാരം |
|---|---|---|---|
| 1 | ശരണ്യ യു ജി | VPII/351 | പേപ്പർ ബാഗ് നിർമ്മാണം |
| 2 | വിനോദ് ജെ വി | VP XIII/372 | ബെഥേൽ ഫർണിച്ചർ |
| 3 | സുലൈമാൻ | 1/139,147/A | ടൈൽസ്, സാനിട്ടറി ഗോഡൗൺ |
| 4 | ഡി ഗിരിജ | XVII/32A | സാരംഗ്ഫ്യൂവൽസ് |
| 5 | സന്തോഷ് കുമാർ | XVIII/441A | കന്നുകാലി ഫാം |

7. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ നായ്ക്കളുടെ എണ്ണം 2415 ആണ്. എന്നാൽ A F S പ്രകാരം ലൈസൻസ് ഇനത്തിൽ 30/- രൂപയാണ് കാണുന്നത്.

പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ 2019-2020 സാമ്പത്തിക വർഷത്തെ വരവ് രജിസ്റ്റർ പ്രകാരം 2000/- രൂപയാണ് എന്നാൽ A F S പ്രകാരം വരവില്ല.
മേൽ വിഷയങ്ങൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 48/1-11-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17-1 അയിരൂപ്പാറ പബ്ളിക് മാർക്കറ്റ് ലേലം -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വെമ്പായം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അയിരൂപ്പാറ പബ്ളിക് മാർക്കറ്റിന്റെ ഗേറ്റ് ഫീ 2020-21 വർഷം പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകാൻ 4-3-20ൽ ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്, (തീരുമാനം നം.11-1). എന്നാൽ ടി മാർക്കറ്റിന്റെ ഗേറ്റ് ഫീ 2019-20വർഷം പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകിയതായി ലേല രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. ആയതിനു വിശദികരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40) ന് മറുപടി നൽകിയില്ല. 2019-20 വർഷം ലേലം നടത്തിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-17-2 കടമുറികളുടെ വാടക പൂർണമായും ഈടാക്കിയിട്ടില്ല

1. താഴെപ്പറയുന്ന കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ |
|---|---|---|---|---|
| 1 | കണക്കോട് (IX ാം നം കടമുറി | സെക്രട്ടറി നാഷണൽ അർട്സ് & സ്പോർട്സ് ക്ളബ് | 397 | ആഗസ്റ്റ് 2019-മാർച്ച് 2020വരെ |
| 2 | കണക്കോട് (X ാം നം കടമുറി | വേലപ്പൻ നായർ | 453 | സെപ്റ്റംബർ 2019-മാർച്ച് 2020 വരെ |
| 3 | പഞ്ചായത്ത് വനിതാ കാന്റീൻ | രമണി | 2250 | നവംബർ 2019-മാർച്ച് 2020 വരെ |
| 4 | അയിരൂപ്പാറ ഷോപ്പിംഗ് കോപ്ളക്സ് 1-ാം നം | സന്തോഷ്കുമാർ | 1544 | ഡിസംബർ 2019-മാർച്ച് 2020 വരെ |

| | | | | |
|---|---|---|---|---|
| | കടമുറി | | | |
| 5 | അയിരൂപ്പാറ ഷോപ്പിംഗ് കോപ്ളക്സ് II നം കടമുറി | ജസീല ഹാഷീം | 1654 | ഫെബ്രുവരി 2020-മാർച്ച് 2020 വരെ |
| 6 | അയിരൂപ്പാറ ഷോപ്പിംഗ് കോപ്ളക്സ് IIIനം കടമുറി | ജയകുമാർ | 1764 | ഫെബ്രുവരി 2020-മാർച്ച് 2020 വരെ |
| 7 | അയിരൂപ്പാറ ഷോപ്പിംഗ് കോപ്ളക്സ് IVനം കടമുറി | ഉണ്ണി എസ് | 1628 | എപ്രിൽ 2019 -ജൂലൈ 2020 വരെ |
| 8 | അയിരൂപ്പാറ ഷോപ്പിംഗ് കോപ്ളക്സ് Vനം കടമുറി | ജസീല ഹാഷീം | 1434 | ഫെബ്രുവരി 2020-മാർച്ച് 2020 വരെ |
| 9 | അയിരൂപ്പാറ ഷോപ്പിംഗ് കോപ്ളക്സ് VIനം കടമുറി | എം ബാബു | 1365 | ഏപ്രിൽ 2019- മാർച്ച് 2020 വരെ |
| 10 | അയിരൂപ്പാറ ഷോപ്പിംഗ് കോപ്ളക്സ് VIIIനം കടമുറി | ഉണ്ണി എസ് | 1000 | മെയ് 2019- മാർച്ച് 2020 വരെ |

2. അയിരൂപ്പാറ ഷോപ്പിംഗ് കോപ്ളക്സ് ,VIIനം കടമുറിയുടെ വാടക ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. 2019-2020 A F S ബി 15 ഷെഡ്യൂൾ പ്രകാരം Rent Receivables From Buildings (Current) 68138 രൂപയും Rent Receivables From Buildings (Arrears) 36252 രൂപയും കിട്ടാനുണ്ട്. ആയത് ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4. കണക്കോട് ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം 5ലെ വാടക കുടിശ്ശിക ഈടാക്കാൻ സംബന്ധിച്ച് ശ്രീ തങ്കരാജന്റെ പേരിൽ റവന്യ റിക്കവറി നടപടി സ്വീകരിക്കാൻ കമ്മിറ്റി തീരുമാനിച്ചുവെങ്കിലും തുടർനടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

5. 2019-2020 സാമ്പത്തിക വർഷത്തിൽ വാടകക്കാരിൽ നിന്നും കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാർ പത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
മേൽ സൂചിപ്പിച്ച വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21 A/28/10/2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17-3 ലേലത്തുക അടച്ച രേഖ ഓഡിറ്റിൽ ഹാജരാക്കിയില്ല.

2019-2020 സാമ്പത്തിക വർഷത്തിൽ വെമ്പായം ഗ്രാമപഞ്ചായത്തിൽ നടന്ന് ലേലത്തിന്റെ ഫയലുകൾ പരിശോധിച്ചതിൽ ,താഴെ പറയുന്ന വ്യക്തികൾ ലേലത്തുക അടച്ച രേഖകളില്ല എന്ന് കണ്ടു.

| ക്രമനം | സ്ഥാപനം/ഇനം | ലേലം ഉറപ്പിച്ച വ്യക്തിയുടെ പേര് | ലേലതീയതി | സ്ഥിരപ്പെടുത്തിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പഞ്ചായത്ത് വക കാന്റീൻ നടത്തുന്നത് | രമണി | 28/03/2019 | 2250 |
| 3 | തേക്കട അംഗൻവാടികളിൻ നിൽക്കുന്ന ഫലവൃക്ഷങ്ങളിലെ ആദായം | ശ്രീ ജയമോഹൻ | 20/03/2019 | 650 |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് 30/10/2021 ന് നൽകിയ ഓഡിറ്റ് എന്ക്വയറി നം 27 ന് ലഭ്യമായ മറുപടി തൃപ്തികരമല്ല.

2. ചീരാണിക്കര ശ്മാശാനം മണ്ണ് നീക്കം ചെയ്യൽ സംബന്ധിച്ചുള്ള ലേലത്തിൽ ലേലം ആരും വിളിച്ചില്ല. എന്നാൽ ലേലത്തിൽ എത്ര പേർ പങ്കെടുത്തു ,അവർ അടച്ച നിരതദ്രവ്യം എന്നിവ സംബന്ധിച്ച വിശദാംശം ഓഡിറ്റിൽ നൽകാൻ ആവശ്യപ്പെട്ട് 30/10/2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 27/2019-2020-ന് ലേലത്തിൽ ആരും പങ്കെടുക്കുകയോ നിരതദ്രവ്യം അടയ്ക്കുകയോ ചെയ്തില്ലായെന്നാണ് മറുപടി കിട്ടിയത്. എന്നാൽ ലേലത്തിൽ പങ്കെടുക്കുന്ന മുഴുവൻ ആളുകളുടെയും നിരതദ്രവ്യം രസീത് പ്രകാരം കൈപ്പറ്റുകയും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ലേലം സ്ഥിരപ്പെടുത്തിയ വ്യക്തിയുടെ ഒഴികെ മറ്റുള്ളവരുടെ നിരതദ്രവ്യം തിരികെ നൽകി ഒപ്പ് വാങ്ങേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല.

3. 2019-2020 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂളിൽ RP 5 പ്രകാരം Sale Of Timber 42200/- രൂപയും Sale Of Scrap 118110/- രൂപയും കാണുന്നു. ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് 30/10/2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 27/2019-2020 ന് ലഭിച്ച മറുപടിയിൽ ചീരാണിക്കര എൽ പി എസ് സ്കൂൾ കൊമ്പൗണ്ടിൽ നിന്ന തടികൾ വിറ്റ തുക (എച്ച് എം അടച്ചത്)42200/- രൂപയും Sale Of Scrap 118110/- രൂപയും ആകുന്നു എന്നാൽ പ്രസ്തുത തുകയുടെ രസീത് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

4. 2019-2020 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂളിൽ RP 3 പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആഡിറ്റോറിയത്തിന്റെ വരവായി 1500/- രൂപ കാണുന്നു. ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് 30/10/2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 27/2019-2020 ന് ലഭിച്ച മറുപടിയിൽ സജിമോൻ എന്നയാൾക്ക് വിവാഹ റിസപ്ഷന് നൽകിയ വകയിൽ അടവാക്കിയ തുകയെന്നാണ്. എന്നാൽ ഈ തുക ഈടാക്കിയ രസീത് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.
മേല്പറഞ്ഞ രേഖകൾ ഫയലിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

## 1-17-4 മണ്ണ് വില്പന- പുനർലേലത്തിന്റെ വിശദാംശം ലഭ്യമല്ല.

വെമ്പായം ഗ്രാമ പഞ്ചായത്ത് ശ്മശാന നിർമ്മാണത്തിനായി സ്വന്തമാക്കിയിട്ടുള്ള ചീരാണിക്കര വാർഡിലെ സർവ്വേ നം-17/6-1 ൽ ഉൾപ്പെട്ട 17 ആർ 40 സ്ക്വയർ മീറ്റർ സ്ഥലത്തുനിന്ന് 2620 ക്യൂബിക് മീറ്റർ മണ്ണ് ലേലം ചെയ്യാൻ ജനറൽ കമ്മിറ്റിയുടെ 30/4/19 ലെ IX(1) നം തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്.Price Rate പ്രകാരം,1 ക്യൂബിക് മീറ്റർ മണ്ണിന് 100 രൂപ നിരക്കിൽ ആകെ 262000 രൂപ ഈടാക്കാവുന്നതാണ് എന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരിക്കുന്നു.25-6-19 ൽ നടന്ന ലേലത്തിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന്,പുനർലേലം നടത്താൻ 27-6-19 ൽ തീരുമാനം നം.2(1) പ്രകാരം ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.എന്നാൽ ആദ്യ ലേലത്തിന്റെയോ പുനർ ലേലത്തിന്റെയോ വിശദാംശം ലേല രജിസ്റ്ററിൽ ലഭ്യമല്ല.പുനർലേലത്തിന്റെ ലേല ഡയറി ഓഡിറ്റിനു ലഭ്യമാക്കിയില്ല. മണ്ണ് ലേലം നടന്നതിന്റെയും,അതിൽ നിന്ന് തുക ലഭിച്ചതിന്റെയും വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 23ന് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. ലേലം സംബന്ധിച്ച വിശദാംശങ്ങൾ തുകയുടെ അക്കൗണ്ടിങ്ങ് എന്നീ വിവരങ്ങൾ അടിയന്തിരമായി ഹാജരാക്കുക.

## 1-18 ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഫർണിച്ചർ വാങ്ങൽ

ഹോമിയോ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ --4780.23 അധികം നൽകി.
പ്രോജക്ട് നം ---211
അടങ്കൽ തുക --30000/-

ചെലവ് തുക --30000/-

ബിൽ നം ----2/2019-20,dt,16/12/2019

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (ഹോമിയോ)

വെമ്പായം ഗ്രാമപഞ്ചായത്തിൽ 2019-2020 വർഷത്തിൽ നടപ്പിലാക്കിയ 211 -ം നം പ്രോജക്ടായ ഹോമിയോ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതിയുടെ നിർവ്വഹണാർത്ഥം സിഡ്കോയിൽ നിന്ന് നേരിട്ടാണ് ഫർണിച്ചർ വാങ്ങിയത്. എന്നാൽ സ്റ്റോർ പർച്ചേസ് (എ) ഡിപ്പാർട്ട്മെന്റിലെ 28/05/2015 G.O.(Rt) No.26/2015 SPD എന്ന ഉത്തരവ്വ പ്രകാരമുള്ള സിഡ്കോയുടെ യഥാർത്ഥ വിലയിൽ നിന്ന് കൂടിയ വിലയ്ക്കാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. ടി സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചർ തന്നെയാണ് വാങ്ങിയിട്ടുള്ളത് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സിഡ്കോയിൽ നിന്ന് ഫർണിച്ചർ വാങ്ങിയ വില | സിഡ്കോയുടെ ഗവൺമെന്റ് അംഗീകരിച്ച വില | വ്യത്യാസം |
|---|---|---|---|---|
| 1 | Steel Cabinet 198x90x48cm-20g | 9399 | 7791 | 1608 |
| 2 | Steel Cabinet With 3shelves 127x76x43cm-20g | 6540 | 5407 | 1133 |
| 3 | Steel Slotted Angle Iron Rack 6 Panel 180x90x38cm-20g | 4558x2= 9116 | 3920x2=7840 | 1296 |
| | Transportation Charges | 155 | 155 | Nil |
| | Total | 25210 | 21193 | 4017 |
| | GST | 4537.8 | 3814.74 | 723.06 |
| | Flood Cess | 252.10 | 211.93 | 40.17 |
| | | | ആകെ | 4780.23 |

ഇക്കാര്യത്തിൽ 26/10/2021ന് നൽകിയ ആഡിറ്റ് എൻക്വയറി നം 2/2019-2020 ന് നൽകിയ മറുപടിയിൽ, സിഡ്കോയിൽ നിന്ന് ലഭിച്ച പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് ഫർണിച്ചർ വാങ്ങിയതെന്ന് അറിയിച്ചു. ഇവിടെ Procurement കമ്മിറ്റിയും നിർവഹണ ഉദ്യോഗസ്ഥനും സിഡ്കോയുടെ ഇൻവോയിസ് പ്രൈസ് അതേപടി അംഗീകരിക്കുകയാണ് ചെയ്തത്.

Procurement കമ്മിറ്റിയുടെ ഭാഗത്തു നിന്നുള്ള ജാഗ്രതക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ 'ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്'.

## 1-19 ആയുർവേദ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ

ആയുർവേദ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ--13074.53 രൂപ അധികം നൽകി.

പ്രോജക്ട് നം ---212

തനത് ഫണ്ട് --54000/- ബിൽ നം 3/2019-20

റോഡിതരം --42000/-ബിൽ നം 2/2019-20,dt, 18/01/2020

ആകെ 96000/-

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (ആയുർവേദം)

വെമ്പായം ഗ്രാമപഞ്ചായത്തിൽ 2019-2020 വർഷത്തിൽ നടപ്പിലാക്കിയ 212 -ം നം പ്രോജക്ടായ ആയുർവേദ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതിയുടെ നിർവ്വഹണാർത്ഥം സിഡ്കോയിൽ നിന്ന് നേരിട്ടാണ് ഫർണിച്ചർ വാങ്ങിയത്. എന്നാൽ സ്റ്റോർ പർച്ചേസ് (എ) ഡിപ്പാർട്ട്മെന്റിലെ 28/05/2015 G.O.(Rt) No.26/2015 SPD എന്ന ഉത്തരവ്വ പ്രകാരം സിഡ്കോയുടെ യഥാർത്ഥ വിലയിൽ നിന്ന് കൂടിയ വിലയ്ക്കാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. ടി സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന സ്പെസിഫിക്കേഷനുള്ള ഫർണിച്ചർ തന്നെയാണ് വാങ്ങിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സിഡ്‌ക്കോയിൽ നിന്ന് ഫർണിച്ചർ വാങ്ങിയ വില | സിഡ്‌ക്കോയുടെ ഗവൺമെന്റ് അംഗീകരിച്ച വില | വ്യത്യാസം |
|---|---|---|---|---|
| 1 | Steel Table With One Cupboard And 3 Drawer 18 Mm Laminated Board Top 180x90x75cm-20g | 8785 | 7759 | 1026 |
| 2 | Executive High Back Revolving Chair | 8024 | 8024 | Nil |
| 3 | Steel Slotted Angle Iron Rack 6 Panel 180x90x38cm-20g | 4558x5= 22790 | 3920x5=19600 | 3190 |
| 4 | Steel Cabinet 198x90x48cm-20g | 9399x4=37596 | 7791x4=31164 | 6432 |
| 5 | Steel Slotted Angle Iron Rack 3 Panel 90x90x38cm-20g | 2532 | 2193 | 339 |
| | Transportation Charges | 945 | 945 | Nil |
| | Total | 80672 | 69685 | 10987 |
| | GST | 14520.96 | 12543.3 | 1977.66 |
| | Flood Cess | 806.72 | 696.85 | 109.87 |
| | | | ആകെ | 13074.53 |

ഇത പ്രകാരം 26/10/20121 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 1/2019-2020 ന് ലഭ്യമായ മറുപടി തൃപ്തികരമല്ല. . സിഡ്‌ക്കോയിൽ നിന്ന് ലഭ്യമായ ഇൻവോയ്സ് Procurement കമ്മിറ്റിയും നിർവഹണ ഉദ്യോഗസ്ഥനും അതേപടി അംഗീകരിക്കുകയാണ് ചെയ്തത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പൊതുടാപ്പുകളുടെയും തെരുവു വിളക്കുകളുടെയും എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

1.ഗ്രാമപഞ്ചായത്ത്പ്രതിമാസം44625/-രൂപവെള്ളക്കരമായി KWAയ്ക്ക്നല്കിവരുന്നു. ആകെ 102 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന്, ഓഡിറ്റ് എൻക്വയറി നം.5 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.2242/11 /എൽ.എസ്.ജി.ഡി. തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതാണ്.

*2.തെരുവു വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടപ്പിലായില്ല.*

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 26-9-19ലെ 3നം തീരുമാനപ്രകാരം,KSEB *യുമായി ചേർന്ന് തെരുവു*

*വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചു.എന്നാൽ ടി തീരുമാനം ജനറൽ കമ്മിറ്റിയുടെ പരിഗണനക്കു വന്നതായി മിനിട്സ് ഇല്ല.ടി തീരുമാനം നടപ്പിലായോ എന്ന് ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.51ന് മറുപടി ലഭ്യമാക്കിയില്ല.*

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, അവയുടെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യ പത്രം, നിർവ്വഹണ ഏജൻസികളുമായി ഒപ്പു വച്ച കരാർ എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് എൻക്വയറിക്ക്നം.3

| ക്രമ.നം | പ്രവൃത്തി | നിർവ്വഹണ ഏജൻസി. | തുക. | വൗച്ചർ നം,തീയതി |
|---|---|---|---|---|
| 1 | ഇലക്ട്രിക്കൽ ഇലക്ട്രിക്കൽ പോസ്റ്റു മാറ്റൽ,കണക്കോട് | KSEB | 13482 | 21901100/18-3-20 |
| 2 | ഇലക്ട്രിക്കൽ പോസ്റ്റു മാറ്റൽ-കൊഞ്ചിറ UPS | KSEB | 55683 | 21900381/5-9-19 |
| 3 | ഇലക്ട്രിക്കൽ പോസ്റ്റു മാറ്റൽ അയിരുപ്പാറ | KSEB | 23770 | 21901102/18-3-20 |
| 4 | ഇലക്ട്രിക്കൽ പോസ്റ്റു മാറ്റൽ,നെല്ലിക്കുന്ന് | KSEB | 6270 ആകെ 99205 | 21900482/11-10-19 |

B.വെമ്പായം PHC യെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റാൻ പഞ്ചായത്ത് വിഹിതമായി 209718 രൂപ ചെക്ക് നം.22287122/19-8-19 പ്രകാരം NHM ന് കൈമാറിയിട്ടുണ്ട്.വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.0.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## 1-22 കിലയിൽ നിന്ന് തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം21900234, തീയതി 9-6-19 പ്രകാരം, പെൻസിൽ പ്രോഗ്രാമിനായി 10000 രൂ ചെലവഴിച്ചു. 27-6-19ൽ ജനറൽ കമ്മിറ്റി തീരുമാനം (നം23-1) പ്രകാരം, ടി തുക തനതു ഫണ്ടിൽ നിന്ന് കുടുംബശ്രീക്ക് പെൻസിൽ പ്രോഗ്രാമിനായി നൽകാനും, അവിടെ നിന്നുള്ള വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി, ടി തുക കിലയിൽ നിന്ന് ലഭ്യമാക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്.ടി തുക കിലയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറിക്ക്നം.46)

## 1-23 ഇൻകംബൻസി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

വെമ്പായം ഗ്രാമ പഞ്ചായത്ത് 2019-20 വർഷത്തെ ഘടക സ്ഥാപന മേധാവികളായ നിർവ്വഹണ അധികാരികളുടെ പേരുവിവരം, സേവനകാലയളവ് എന്നിവ ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി വിവരങ്ങളുടെ ആധികാരിക അവലംബമായ ഇൻകംബൻസി രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടോ എന്ന് ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32) ന് മറുപടി നൽകിയില്ല. നിർവ്വഹണ അധികാരികളുടെ പേരുവിവരം, സേവനകാലയളവ് എന്നിവ അടങ്ങിയ ഇൻകംബൻസി രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 1-24 അംഗനവാടികൾക്കായി വാങ്ങിയ ഭൂമി അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല

വെമ്പായം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം162 പ്രാകാരം ചീരാണിക്കര വാർഡിൽ 1.62 ആർ ഭൂമി അംഗനവാടി കെട്ടിട നിർമ്മാണത്തിനായി 30000രൂ ചെലവഴിച്ച്,( ബിൽ നം.1/4-5-19) വാങ്ങിയിട്ടുണ്ട്.ടി ഭൂമി നാളിതു വരെ പഞ്ചായത്തിൻ്റെ അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 6ന് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല.അസറ്റ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 1-25 വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ-300,000/-രൂപ തടസ്സം ചെയ്യുന്നു

2019-20 വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

എ. എസ്.എസ്.കെ വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

1

| | |
|---|---|
| പ്രോജക്ട് നം. | SO 193/20 |
| പേര് | എസ്.എസ്.കെ. വിഹിതം(എസ്.സി.പി) |
| അടങ്കൽ തുക | വികസനഫണ്ട്(എസ്.സിപി) 609000 |
| ചെലവ് തുക | ബിൽ നം. /20.9.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

&

2.

| | |
|---|---|
| പ്രോജക്ട് നം. | SO 192/20 |
| പേര് | എസ്.എസ്.കെ. വിഹിതം |
| അടങ്കൽ തുക | വികസനഫണ്ട് 1442264 |
| ചെലവ് തുക | ബിൽ നം.6 /30.9.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

മേൽ പരാമർശിച്ചിട്ടുള്ള രണ്ട് പ്രോജക്ടുകളും എസ്.എസ്.കെ വിഹിതം ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനാണ് ആവിഷ്കരിച്ചിരുന്നത്. എന്നാൽ രണ്ടു പ്രോജക്ടുകളുടേയുംഫയൽ പരിശോധിച്ചതിൽ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ചഓഡിറ്റ് എൻക്വയറി നം. 13 ന് അത് ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ബി. തുല്യത -തുടർവിദ്യാഭ്യാസം-അനുബന്ധരേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | SO87/20 |
| പേര് | തുല്യത-തുടർവിദ്യാഭ്യാസം |

| | |
|---|---|
| അടങ്കൽ തുക | തനത്ഫണ്ട് 300000 |
| ചെലവ് തുക | ചെക്ക് നം. 2287172/20.3.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പത്താംതരം, +1, +2 എന്നിവയിൽ തുല്യത പഠനം നേടുന്നവർക്കുള്ള പഠനോപകരണങ്ങൾ നൽകുക, ആവശ്യമായ ഫീസ് നൽകുക എന്നിവയ്ക്കായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ പത്താതരം തുല്യതയ്ക്കായി 50 പേർക്ക് 1850 രൂപ നിരക്കിൽ 92500/- രൂപയും +1 തുല്യതയ്ക്കായി 30 പേർക്ക്2500 രൂപ നിരക്കിലും +2 തുല്യതയ്ക്കായി 25 പേർക്ക്2200 രൂപ നിരക്കിലും ആകെ 222500 രൂപ ആകെ നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാമിഷൻ നടപ്പലാക്കുന്ന ഗുഡ് ഇംഗ്ലിഷിനായി 31 പേർക്ക് 2500 രൂപ നിരക്കിൽ77500 രൂപയും സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ, അഡ്മിഷൻ എടുത്തതിന്റെ രേഖകൾ, പഠിതാക്കളുടെ അറ്റൻഡൻസ് രജിസ്റ്റർ, പരീക്ഷയുടെ ഹാൾ ടിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് അവ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അത് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതു വരെ 300,000 രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 റോഡുമാപ്പ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണ പരിധിയിലുള്ള റോഡുകളുടെ വിശദാംശം ഉൾക്കൊള്ളുന്ന റോഡുമാപ്പ് നാളിതു വരെ തയ്യാറാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.39)ന് അസി.എഞ്ചിനിയർ മറുപടി നൽകിയിരിക്കുന്നു.റോഡുമാപ്പ് എത്രയും വേഗം തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റോഡ് നിർമ്മാണ -നവീകരണ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-27 കൃഷി ഓഫീസർ രസീത് ബുക്ക് പരിപാലിക്കുന്നതിൽ അപാകത

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92 (ബി)കുറിപ്പ് 2 പ്രകാരം ഓരോ രസീതി ബുക്കിലേയും ഫോറങ്ങളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. കൃഷി ഓഫീസർക്ക് നൽകിയ 46204, 46217, 46242, 46243, 7620 നമ്പർ രസീത് ബുക്കുകളാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളത്.പ്രസ്തുത രസീത് ബുക്കുകൾ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രസീത് ബുക്ക് നമ്പർ 7620-ൽ 27 ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11ന് മറുപടി ലഭിച്ചില്ല.

## 1-28 കൃഷി ഓഫിസർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല

കേരള ട്രഷറി കോഡ് വാല്യം Iആർട്ടിക്കിൾ 92 (എ) പ്രകാരം സർക്കാരിന് വേണ്ടി പണം പിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്. എന്നാൽ കൃഷി ഓഫീസർ TR-7Aഫോറത്തിൽ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം)മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള ക്യാഷ് ബുക്ക് പരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 നെൽകൃഷി വികസന പദ്ധതി അപാകതകൾ

പ്രോജക്റ്റ് നം. - 100/2020

പ്രോജക്റ്റിന്റെ പേര് - നെൽകൃഷി വികസന പദ്ധതി

അടങ്കൽ തുക - 78940/-രൂപ(19440/-വികസന ഫണ്ട് (ജനറൽ)),

29750(ബ്ളോക്ക് പഞ്ചായത്ത് വിഹിതം),

29750(ജില്ലാപഞ്ചായത്ത് വിഹിതം),

ചെലവ് തുക –19440/-രൂപ(വികസന ഫണ്ട് (ജനറൽ))

29750(ജില്ലാപഞ്ചായത്ത് വിഹിതം)

ബിൽ നം/തീയതി - 2/2019-20 തീ.19.07.20 19440/-രൂപ

6/2019-20 തീ.31.03.20 29750/-രൂപ

നെൽകൃഷി സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ഭക്ഷ്യസംരക്ഷണം, നിലവിലെ കൃഷി നിലിർത്തൽ, ഉൽപാദനം വർദ്ധിപ്പിക്കൽ, ഉൽപാദന ചെലവ് കുറയ്ക്കൽ എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം ഒരു ഗ്രൂപ്പിൽപെട്ട 14 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം കൊഞ്ചിറ പാടശേഖര സമിതിക്കും ചെറുകിട നാമമാത്ര കർഷകർക്കും കൂലി ചെലവ് സബ്സിഡി ഇനത്തിൽ 29750/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പേര് | തുക |
|---|---|---|
| 1 | സുരേന്ദ്രൻ നായർ.കെ | 340 |
| 2 | എം.ശശിധരൻ നായർ | 1870 |
| 3 | സജി.എസ് .ഒ | 1530 |
| 4 | എസ്.ആർ വിജയൻ | 493 |
| 5 | അപ്പുപിള്ള | 2686 |
| 6 | വനജകുമാരി | 1122 |
| 7 | എം ശശി | 544 |
| 8 | സതികുമാരി | 680 |
| 9 | ജി. മനോഹരൻനായർ | 2822 |
| 10 | ഗോപാലകൃഷ്ണൻ നായർ | 1530 |
| 11 | മീരസാഹിബ് | 1360 |
| 12 | കെ.സുകുമാരൻ നായർ | 5542 |
| 13 | സുകുകുമാർ | 1156 |
| 14 | കൊഞ്ചിറ പാടശേഖര സമിതി | 8075 |

കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം ഉള്ളൂർ സീഡ് ഫാമിൽ നിന്ന് 19440/- രൂപയ്ക്ക് വിത്ത് വാങ്ങുകയും ആയത് 29 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.പ്രസ്തുത പദ്ധതിയുമായ് ബന്ധപ്പെട്ട് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ഷാജി, അമ്പലൂർ വീട്,നന്നാട്ടുകാവ്

നസീർ, കുച്ചതിട്ടയിൽ വീട്

എസ്. ലതാകുമാരി,എസ്.ആർ.ഭവൻ, തണ്ണിപ്പാറ, കൊഞ്ചിറ

ബി.ലളിതമ്മ, അമ്പിളി വിലാലം,നെട്ടുവേലി
ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചിട്ടില്ല.

2.നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി നൽകുന്നതുമായി ബന്ധപ്പെട്ട് 14.02.2018-ലെ ജി.ഒ(എം.എസ്)22/2018 നമ്പർ ഉത്തരവിലെ ഖ.6.1(6)പ്രകാരം മറ്റേതെങ്കിലും സ്കീം പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രവും, വില ഇൻഷ്വറൻസ് മുൻകൂറായി കർഷകർ അടച്ചതിന്റെ രേഖകളും ഗുണഭോക്താക്കൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11ന് മറുപടിയായി കൊഞ്ചിറ പാടശേഖര സമിതി 3.5ഹെക്ടർ പാടശേഖരത്തിന് ഇൻഷ്വറൻസ് മുൻകൂറായി അടച്ചതിന്റെ രേഖയാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

3.കൂലിച്ചെലവ് നൽകുന്നതുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11ന് മറുപടിയായി ലഭ്യമാക്കിയ കൂലിച്ചെലവുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റ് പ്രകാരം 875(3.5ഹെക്ടർ) സെന്റ് സ്ഥലത്ത് കൃഷിചെയ്ത കൊഞ്ചിറ പാടശേഖര സമിതി ഉൾപ്പെടെയുള്ള 14 കർഷകർക്ക് കൂലിച്ചെലവ് സബ്സിഡി നൽകിയിട്ടുണ്ട്.ജില്ലാ പഞ്ചായത്ത് വിഹിതമായ 29750/- രൂപയാണ് കൂലിച്ചെലവ് സബ്സിഡി നൽകിയിട്ടുള്ളത്.എന്നാൽ നെൽവിത്ത് വിതരണ രജിസ്റ്റർ പ്രകാരം 480 കിലോ വിത്ത് 1500 സെന്റ് സ്ഥലത്ത് കൃഷി ചെയ്ത കൊഞ്ചിറ പാടശേഖര സമിതി ഉൾപ്പെടെയുള്ള 29ഗുണഭോക്താക്കൾക്കാണ് നൽകിയിട്ടുള്ളത്. ആയതിൽ കൂലിച്ചെലവ് സബ്സിഡി ലഭിച്ച ജി. മനോഹരൻനായർ, മീരസാഹിബ് എന്നിവർ ഉൾപ്പെട്ടിട്ടില്ല. നെൽവിത്ത് വിതരണ രജിസ്റ്റർ പ്രകാരം വിത്ത് ലഭിച്ച 17 ഗുണഭോക്താക്കൾക്ക് കൂലിച്ചെലവ് സബ്സിഡിയും ലഭിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല.

4.താഴെ പറയുന്ന ഗുണഭോക്താക്കൾ നെൽകൃഷി ചെയ്ത കൃഷിയിടത്തിന്റെ വിസ്തീർണ്ണം കൂലിച്ചെലവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിലും നെൽവിത്ത് വിതരണ രജിസ്റ്ററിലും വ്യത്യാസമാണ്.

| ഗുണഭോക്താവിന്റെ പേര് | നെൽവിത്ത് വിതരണ രജിസ്റ്റർ പ്രകാരമുള്ള വിസ്തീർണ്ണം(സെന്റിൽ) | കൂലിച്ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിസ്തീർണ്ണം (സെന്റിൽ) |
|---|---|---|
| കൊഞ്ചിറ പാടശേഖര സമിതി | 237.5 | 201 |
| ശശിധരൻ നായർ | 65 | 55 |
| വിജയൻ.എസ്.ആർ | 14.5 | 16 |
| ഗോപാലകൃഷ്ണൻ നായർ | 40 | 45 |
| സുകുമാരൻനായർ.കെ | 198 | 163 |
| സുകുകുമാർ | 95 | 34 |

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഡയറി എക്സ്റ്റെൻഷൻ ഓഫീസർTR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല

കേരള ട്രഷറി കോഡ് വാല്യം Iആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം പിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്. എന്നാൽ ഡയറി എക്സ്റ്റെൻഷൻ ഓഫിസർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല. ആയതിന് വിശദീകണം ആവശ്യപ്പെട്ടതിന് മറുപടി (ഓഡിറ്റ് എൻക്വയറി നമ്പർ 42 ) ലഭിച്ചില്ല.

## 1-31 കാലിത്തിറ്റ സബ്സിഡി ഇനത്തിൽ അധികമായി നൽകിയ 9000/- രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നം. - 09/2020

പ്രോജക്റ്റിന്റെ പേര് - കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി

അടങ്കൽ രൂക - 1,521,420/-രൂപ (വികസന ഫണ്ട് (ജനറൽ))

ചെലവ് തുക –1,183,000/-രൂപ (വികസന ഫണ്ട് (ജനറൽ))

ബിൽ നം/തീയതി - 2/2019-20 തീ.22.08.2019 400000/-രൂപ

4/2019-20 തീ.18.09.2019 469000/-രൂപ

10/2019-20 തീ.24.02.2020 314000/-രൂപ

വനിതാകർഷകർക്ക് ക്ഷീരസംഘങ്ങളിൽ നിന്ന് വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്ന പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.ക്ഷീരസംഘങ്ങളിൽ നിന്ന് വാങ്ങുന്ന കാലിത്തീറ്റ വാങ്ങുന്ന ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട വനിതാകർഷകർക്കാണ് ആനുകൂല്യം നൽകുന്നത്.ബിൽനം2 പ്രകാരം 103 ഗുണഭോക്താക്കൾക്കും, ബിൽനം4 പ്രകാരം 114 ഗുണഭോക്താക്കൾക്കും, ബിൽനം10പ്രകാരം 118 ഗുണഭോക്താക്കൾക്കുമാണ് ആനുകൂല്യം ലഭിച്ചത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റ് എൻക്വയറി നമ്പർ 42 പ്രകാരം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമായില്ല.

2.14.02.2018-ലെ ജി.ഒ(എം.എസ്)22/2018 നമ്പർ ഉത്തരവിലെ ഖ.6.2(15)പ്രകാരം പൊതുവിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് പരമാവധി 10000/-രൂപയാണ് കാലിത്തീറ്റ സബ്സിഡിയായി നൽകാവുന്നതാണ്. എന്നാൽ 9/20 (കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി) എന്ന പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 10000/-രൂപയിൽ കൂടുതൽ നൽകിയിട്ടുണ്ട്.

| പേര് | അക്കൗണ്ട് നം | ബിൽനം2/19-20 Dt.22.08.19 | ബിൽനം4/19-20 Dt.18.10.19 | ബിൽനം10/19-20 Dt.24.02.20 | ആകെ | അധികരിച്ച് നൽകിയ തുക |
|---|---|---|---|---|---|---|
| ആർ.ഗീതാകുമാരി | 67084800161 | 4000 | 6000 | 3000 | 13000 | 3000 |
| ഉഷാകുമാരി .കെ | 67109998430 | - | 7000 | 9000 | 16000 | 6000 |
| കമലാബായി.കെ | 896331810297 | 4000 | 100000/- | 2000 | 106000 | 99000 |
| ആകെ | | | | | | 108000/- |

ശ്രീമതി.കമലാബായിക്ക് നൽകിയ തുകയിൽ സബ്സിഡി തുക അധികരിച്ച് നൽകിയ 99000/-രൂപ 29.10.2021-ലെ

KC01487267120M നം.ചെലാൻ പ്രകാരം 3604-00-911-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്.ബാക്കിയുള്ള 9000/-രൂപ അധികമായി നല്കിയതിന് വിശദീകണം ആവശ്യപ്പെട്ടതിന് മറുപടി (ഓഡിറ്റ് എൻക്വയറി നമ്പർ 42 ) ലഭിച്ചില്ല.

3.29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിന ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്.പദ്ധതി രൂപീകരണം നിർവ്വഹണം എന്നിവ മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 42 പ്രകാരം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമായില്ല.

അധികമായി നൽകിയ9000/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-32 വി ഇ ഒ ( സർക്കിൾ-1) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് പദ്ധതിയിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 194/20 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി എസ് സി |
| സുലേഖ പ്രകാരമുള്ള അടങ്കൽ | 2425000-എസ് സി പി<br>1155000- ബ്ളോക് ഷെയർ<br>100000- ജില്ലാ പഞ്ചായത്ത് ഷെയർ<br>സ്റ്റേറ്റ് ഷെയർ -Nil<br>ഹഡ്കോ ലോൺ-1458855 |
| സുലേഖ പ്രകാരമുള്ള ചെലവ് | 2425000-എസ് സി പി<br>1135000 -ബ്ളോക് ഷെയർ<br>(സ്റ്റേറ്റ് ഷെയർ, ലോൺ വിഹിതം എന്നിവയിലെ ചെലവു തുക ഉൾപ്പെടുത്തിയിട്ടില്ല |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ -1 |

പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്കായി വിവിധ ഗഡുക്കൾ കൈമാറിയിട്ടുണ്ട് .പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ രേഖകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

A. പദ്ധതിയിലുൾപ്പെട്ട് ഭവനനിർമ്മാണം പൂർത്തീകരിച്ച ആരുടെയും മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

B. 2019-20 വർഷം വികസന ഫണ്ട് (എസ് സി പി) ബ്ളോക്ക് ഷെയർ എന്നീ ഫണ്ടിനങ്ങളിലെ ചെലവു മാത്രമെ സുലേഖയിൽ ഉൾപ്പെട്ടിട്ടുള്ളു. സ്റ്റേറ്റ് ഷെയർ , ലോൺ എന്നിവയിൽ നിന്നും ചെലവു വന്നിട്ടുണ്ടെങ്കിലും ആയത് സുലേഖ ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ടി ചെലവിനാധാരമായ രേഖകൾ , ഗുണഭോക്താക്കളുടെ അപേക്ഷ , മറ്റു വിവരങ്ങൾ , ഭവന നിർമ്മാണം പൂർത്തിയായതിന്റെ വിവരം എന്നിവ ലഭ്യമാക്കിയില്ല.

C . ലഭ്യമാക്കിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഫയലുകളിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബിൽ നം | ഫയലിൽ ലഭ്യമായ | തുക കൈമാറിയ അക്കൗണ്ട് | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | അക്കൗണ്ട് നം | | |
| കമാരി എ, വിനീത ഭവൻ | 4/18-8-19-160000<br>ചെക്ക് നം<br>1788205/27-9-19-160000 | 747602010061244 | 270753413<br>(കസ്റ്റമർ ഐ ഡി യായി ചേർത്ത നമ്പറാണ്.) | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| സുഭദ്ര കളത്തിൻ കര വീട് | 4/18-8-19-160000<br>7/30-9-20<br>40000 | അക്കൗണ്ട് വിവരം ലഭ്യമല്ല | 020221200430888 | അക്കൗണ്ട് വിവരം ലഭ്യമല്ല. |
| സുജ എൽ പന്നിയോട് കളത്തിൽ വീട് | 5/21-8-19-160000<br>12/18-10-19-25000<br>Ch No<br>1788206/15-10-19-135000 | 614202010002415<br>(Union Bank) | 614202010005138 | ഗുണഭോക്താവിന്റേതല്ലാത്ത അക്കൗണ്ടിൽ തുക കൈമാറി |
| സൗമ്യ മോൾ ,പി എസ് | 5/21-8-19-160000 | വിവരം ലഭ്യമല്ല | | അപേക്ഷ ലഭ്യമല്ല |
| സുരേഷ് ബാബു<br>നെല്ലിക്കുന്ന് കോളനി | ചെക്ക് നം-1788208<br>/14-11-19-40000 | വിവരം ലഭ്യമല്ല | | അപേക്ഷ ലഭ്യമല്ല |
| മഞ്ജു എസ് നെട്ടയക്കോട് | ചെക്ക് നം-1788208<br>/14-11-19-40000<br>Bill No-27/18-2-20<br>തുക-160000 | | | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |

ടി പദ്ധതിയിലെ മുഴുവൻ അടങ്കൽ തുകകളുടെയും ചെലവുകൾ സുലേഖയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിയാത്തതിനാലും എന്നാൽ വൌച്ചറുകൾ പ്രകാരം ലൈഫ് ഭവന പദ്ധതി ക്കായി തുകകൾ ചെലവഴിച്ച കാണുന്നതിനാലും (തുക കളുടെ വിവരം ഖണ്ഡിക 1-33 ഉൾപ്പെടുത്തിയിട്ടുണ്ട്) ൽ ബിൽ പ്പെട്ട ക്രമ നം ( B ) പ്രകാരമുള്ള ഫണ്ടുകളിലെ മുഴുവൻ തുകയുടെയും ചെലവു വിവരങ്ങളും അപേക്ഷകളും , രജിസ്റ്ററും രണ്ട് മാസത്തിനകം പരിശോധനക്കായി ലഭ്യമാക്കേണ്ടതും മേൽ പറഞ്ഞ അപാകതകൾക്കും മറുപടി ലഭ്യമാക്കേണ്ടതു മാണ് .ഇല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാക്കുന്നതാണ് .

## 1-33 വി ഇ ഒ (സർക്കിൾ-2) നിർവ്വഹണോദ്യോഗസ്ഥനായ ലൈഫ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 195 /20 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി (ജനറൽ) |
| സുലേഖ പ്രകാരമുള്ള അടങ്കൽ | 2508811 - വികസന ഫണ്ട് ( ജനറൽ)<br>36500000-സംസ്ഥാനവിഷ്കൃത ഫണ്ട്<br>2425445 - ജില്ലാ പഞ്ചായത്ത് ഷെയർ<br>2829415-ബ്ലോക്ക് ഷെയർ<br>ഹഡ്കോ ലോൺ-72340000 |
| സുലേഖ പ്രകാരമുള്ള ചെലവ് | 2508811 - വികസന ഫണ്ട് ( ജനറൽ)<br>2822355 -ബ്ലോക്ക് ഷെയർ<br>(സ്റ്റേറ്റ് ഷെയർ, ലോൺ വിഹിതം, ജില്ല പഞ്ചായത്ത് വിഹിതം എന്നിവയിലെ ചെലവു തുക ഉൾപ്പെടുത്തിയിട്ടില്ല |

ലഭ്യമാക്കിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഫയലുകളിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

A) 2019-20 വർഷം വികസന ഫണ്ട് (ജനറൽ) ബ്ലോക്ക് ഷെയർ എന്നീ ഫണ്ടിനങ്ങളിലെ ചെലവു മാത്രമെ സുലേഖയിൽ ഉൾപ്പെട്ടിട്ടുള്ളൂ. സ്റ്റേറ്റ് ഷെയർ , ലോൺ, ജില്ല പഞ്ചായത്ത് ഷെയർ എന്നിവയിൽ നിന്നും വൗച്ചറുകൾ പ്രകാരം ചെലവു വന്നിട്ടുണ്ടെങ്കിലും ആയത് സുലേഖ ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന്റെ വിവരം താഴെ പറയുന്നു .

| വൗച്ചർ നം | തുക |
|---|---|
| 21900119/24-3-20 | 1140000 |
| 21900835/13-2-20 | 1180000 |
| 21900836/13-2-20 | 900000 |
| 21900182/27-6-19 | 11820000 |
| 21900183/24-6-19 | 5071189 |
| 21900184/24-6-19 | 2611780 |
| 21900185/24-6-19 | 3918855 |
| 21900188/26-9-19 | 3000000 |
| 21900241/11-7-19 | 18580000 |

| | |
|---|---|
| 21900242 /11-7-19 | 1530000 |
| 21900264 /29-7-19 | 320000 |
| 21900292 /2-8-19 | 7200000 |
| 21900306 /6-8-19 | 1100000 |
| 21900336 /27-8-19 | 113243 |
| 21900337 /27-8-19 | 113243 |
| 21900404 /6-9-19 | 4000000 |
| 21900412/7-9-19 | 800000 |
| 21900436 /25-9-19 | 1600000 |
| 21900506 /18-10-19 | 940000 |
| 21900518 /30-10-19 | 2500000 |
| 21900674/13-12-19 | 920000 |
| 21900675/13-12-19 | 900000 |
| 21900703/23-12-19 | 400000 |
| 21900704/23-12-19 | 580000 |

മേൽ പ്രകാരമുള്ള സ്റ്റേറ്റ് ഷെയർ, ലോൺ, ചെലവിനാധാരമായ രേഖകൾ, ജില്ല പഞ്ചായത്ത് ഷെയർ എന്നിവയിലെ ചെലവിനാധാരമായ രേഖകൾ 59E ബിൽ ഗുണഭോക്താക്കളുടെ അപേക്ഷ, മറ്റു വിവരങ്ങൾ, ഭവന നിർമ്മാണം പൂർത്തിയായതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

B) അംബിക ജി ക്ക് തുക കൈമാറിയത് 6702419883 Sbi അക്കൗണ്ടിലേക്കാണ്. എന്നാൽ ഫയലിൽ ഉള്ളത് 40346101022133 എന്ന അക്കൗണ്ടിന്റെ വിശദാംശമാണ്. തുക ടി ഗുണഭോക്താവിന് ലഭിച്ച എന്നതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്.

C) റീജ, സ്നേഹാലയം, സിയോൺ കുന്ന് എന്നവർക്ക് 40000 രൂപ നൽകിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

D) ഗീത /പാറുക്കുട്ടിയമ്മ, വിളവൂർ കോണത്ത് എന്നവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

E) ലൈജു വില്യംസ് പോത്തൻകോട് എന്നവരുടെ ഫയലിൽ ഉള്ള റേഷൻ കാർഡ് നം-11206257 ( ഗു ലിസ്റ്റ് നം 93) തിരുവനന്തപുരം കോർപ്പറേഷൻ ആണ് തദ്ദേശ സ്ഥാപനമായി രേഖപ്പെടുത്തിയിരിക്കുന്നത് ടിയാരിക്ക് കോർപ്പറേഷനിൽ നിന്നും ഈയിനത്തിൽ ധന സഹായം ലഭിച്ചിട്ടില്ല എന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

F) രാധ എസ് W/o സുരേന്ദ്രൻ അനിൽ ഭവൻ റേഷൻ കാർഡ് പ്രകാരം (1105131438) നെടുമങ്ങാട് മുനിസിപ്പാലിറ്റി ആണ് ആണ് തദ്ദേശ സ്ഥാപനമായി രേഖപ്പെടുത്തിയിരിക്കുന്നത് ടിയാരിക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും ഈയിനത്തിൽ ധന സഹായം ലഭിച്ചിട്ടില്ല എന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

G) താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഫിലോമിന സജീവ് സദനം - 28811

ശ്യാമള എസ് കുന്നും പുറത്ത് 40000

സെയ്യഫാ ബീവി -കുഴിവിള – 40000

മോഹനൻ / ഉഷാകുമാരി, ഓടയിൽ വള്ളിക്കോണത്ത് -40000

ആബിദ ബീവി എന്നവർക്ക് രജിസ്ററിൽ സ്റ്റേറ്റ്ഷെയർ 100000 എന്നെഴുതി കാണുന്നുണ്ട്. ആയതിൽ വ്യക്തത വരുത്തേണ്ടതാണ്.

ടി പദ്ധതിയിലെ മുഴുവൻ അടങ്കൽ തുകകളുടെയും ചെലവുകൾ സുലേഖയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിയാത്തതിനാലും എന്നാൽ വൗച്ചറുകൾ പ്രകാരം ലൈഫ് ഭവന പദ്ധതി ക്കായി തുകകൾ ചെലവഴിച്ച കാണുന്നതിനാലും ക്രമ നം (A) പ്രകാരമുള്ള ഫണ്ടുകളിലെ മുഴുവൻ തുകയുടെയും ചെലവു വിവരങ്ങളും അപേക്ഷകളും, രജിസ്റ്ററും രണ്ട് മാസത്തിനകം പരിശോധനക്കായി ലഭ്യമാക്കേണ്ടതും മേൽ പറഞ്ഞ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതാണ്.

## 1-34 ഭവന പുനരുദ്ധാരണം (എസ് സി)- വാല്യുവേഷൻ സ്റ്റേറ്റ്മെൻറിലേതിനെക്കാൾ കൂടുതൽ തുക അനുവദിച്ചു-8900/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 57/20 |
| പ്രോജക്റ്റിന്റെ പേര് | വീട് മെയിന്റനൻസ് (എസ് സി) |
| സുലേഖ പ്രകാരമുള്ള അടങ്കൽ | 3600000 |
| സുലേഖ പ്രകാരമുള്ള ചെലവ് | 2109143 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ (സർക്കിൾ 1) |
| ബിൽ നം | 10/18-10-19 തുക-250000 |
| ഓഡിറ്റ് എൻക്വയറി നം | 53/ 1-11-21 |

പദ്ധതി പ്രകാരം കൊച്ചുകൃഷ്ണൻ എ, കാളിക്കാണത്ത് വീട് എന്നവർക്ക് ഭവന പുനരുദ്ധാരണത്തിനായി 50000 രൂപ നൽകിയിട്ടുണ്ട് അസിസ്റ്റന്റ് എൻജിനീയറുടെ വാല്യവേഷൻ പ്രകാരം പ്രവൃത്തിയുടെ മൂല്യം 41100 ആണ്. അധികം തുക നൽകിയ 8900 രൂപ തിരികെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കും വരെയും ചെലവുതുക തടസ്സത്തിൽ വക്കുന്നു.

C. മോളി എസ് ഹരിജൻ കോളനി മൊട്ടമൂട് എന്നവരുടെ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 67700 രൂപയാണ് അനുവദിക്കാവുന്നത്. എന്നാൽ 19-20- വർഷത്തിൽ 50000 രൂപയെ അനുവദിച്ചിട്ടുള്ളുവെങ്കിലും തുടർ വർഷത്തിൽ 50000 കൂടി അനുവദിച്ചിട്ടുണ്ട്.

## 1-35 അടിസ്ഥാന സൌകര്യങ്ങളുടെ അഭാവത്തിലും എ ബി സി പ്രോഗ്രാമിനുള്ള ഉപകരണങ്ങൾ വാങ്ങി -വീണ്ടും പദ്ധതിക്കായി തുക കുടുംബശ്രീക്ക് കൈമാറി-195,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 164/20(SO) |
| പ്രോജക്റ്റിന്റെ | മൃഗാശുപത്രിക്കാവശ്യമായ (എ ബി സി |

| | |
|---|---|
| പേര് | പ്രോഗ്രാമിനാവശ്യമായ) ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 200000 |
| ചെലവ് | 195000 |
| ബിൽ നം | 1/ 22-1-20- തുക -195000 |

പദ്ധതി പ്രകാരം കുറ്റിയാണി മൃഗാശുപത്രിയിലെ പുതിയതായി പണികഴിപ്പിച്ച ആശുപത്രി കെട്ടിടത്തിലെ ഓപ്പറേഷൻ തിയ്യേറ്ററിനാവശ്യമായ ഉപകരണങ്ങൾ ടെണ്ടർ ക്ഷണിച്ച് വാങ്ങിയിട്ടുണ്ട് . ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

എ. എ ബി സി പദ്ധതി പഞ്ചായത്തു തലത്തിൽ നടപ്പിൽ വരുത്തുന്നതിനായാണ് ബിൽ പ്രകാരമുള്ള തുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയത്. എന്നാൽ തെരുവ് നായക്കളുടെ വന്ധ്യംകരണം നടത്തുന്ന തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ആശുപത്രിയിൽ ഇല്ലാതെയാണ് ഇത്തരത്തിൽ പ്രോജക്റ്റ് വച്ചത് എന്നാണ് ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 31/29-10-21 ന് ലഭിച്ച മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. ഉപകരണങ്ങൾ വാങ്ങിയ ശേഷവും ബിൽ നം 39/20 പ്രകാരം വീണ്ടും തെരുവ് നായക്കളുടെ വന്ധ്യംകരണത്തിനായി 210000 രൂപ കുടുംബശ്രീ മിഷനു നൽകിയിട്ടുണ്ട്. ഫയലിൽ ഡോക്ടറുടെ റിപ്പോർട്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ തുരുമ്പെടുക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്, ആവശ്യകത കൃത്യമായി നിർണ്ണയിക്കാതെ നടത്തിയ വാങ്ങലുമൂലം പദ്ധതി പണം പാഴാവുന്ന സ്ഥിതി വിശേഷം സംജാതമായിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കൂടി കണ്ടു.

ബി. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളായ ട്രൈടെക്ക് ട്രേഡേഴ്സ്, ട്രിച്ചൂർ സർജിക്കൽസ്, എന്നീ സ്ഥാപനങ്ങൾ ഇ എം ഡി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

സി. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ട്രൈടെക്ക് ട്രേഡേഴ്സ് സാമ്പിൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ അടുത്ത കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത തൃശ്ശൂർ സർജിക്കൽസിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയാണ് ഉണ്ടായത്. 19-9-18 ലെ 7-ാം നമ്പർ തീരുമാന പ്രകാരം മൂന്ന് ക്വട്ടേഷനുകളുടെയും സാമ്പിൾ പരിശോധിക്കുന്നതിന് കമ്മറ്റി വെറ്ററിനറി സർജനെ ചുമതല പെടുത്തിയിരുന്നു. നിലവാര പരിശോധനയുടെ റിപ്പോർട്ട് ഫയലിലില്ല .

ഡി ഇൻവോയ്സ് നം P1-3009/25-3-19 പ്രകാരം Animal Table, Auto Clave എന്നിവ സപ്ലൈ ചെയ്യുകയുണ്ടായി. 12/2/20 ൽ ഉപകരണങ്ങൾ തുരുമ്പെടുക്കുന്നതായും ആയതിനാൽ ടി അപാകത പരിഹരിച്ചതിന് ശേഷം മാത്രമെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകാവൂ എന്ന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപാകത പരിഹരിച്ചതായി വെറ്ററിനറി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെക്കും ചെലവു തുക 195,000 രൂപ തടസ്സത്തിൽ വക്കുന്നു.

## 1-36 കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവു തുക 5,00,000/-തടസ്സത്തിൽ വക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 197/20 |
| പ്രോജക്റ്റിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| ബിൽ നം | 8 / 15-10-19 |
| തുക | 500000 |

പദ്ധതി പ്രകാരം 40 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി കന്നുകുട്ടി പരിപാലനം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് വിഹിതമായി ഒരാൾക്ക് 12500 എന്ന കണക്കിൽ 500,000 രൂപ SLBP ക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രം, ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ കാലി തീറ്റ വാങ്ങുന്നത് സംബന്ധിച്ച രജിസ്റ്റർ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നം 31/29-10-21 നൽകിയിരുന്നു. ടി രേഖകൾ ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണ് എന്നാണ് ലഭ്യമാക്കിയ മറുപടി പ്രകാരം അറിയിച്ചിരിക്കുന്നത്. രേഖകൾ ലഭ്യമാക്കും

വരെയ്ക്കും ചെലവ് തുക 500,000 രൂപ തടസ്സത്തിൽ വക്കുന്നു.

## 1-37 മാതൃക പഞ്ചായത്ത് -മൃഗസംരക്ഷണ വകുപ്പ് സംയുക്ത പദ്ധതി -അപാകങ്ങൾ- 525,000/-രൂപ തടസ്സംചെയ്യുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 198/20 |
| പ്രോജക്റ്റിന്റെ പേര് | മാതൃകാ പഞ്ചായത്ത്-മൃഗ സംരക്ഷണ വകുപ്പ് സംയുക്ത പദ്ധതി |
| അടങ്കൽ | 1550000 |
| ചെലവ് | 525000 |

പദ്ധതി പ്രകാരം ഒരു കറവ പശുവും തൊഴുത്തും ഉള്ള വനിത ക്ഷീര കർഷകർക്ക് മറ്റ് പഞ്ചായത്തിൽ നിന്നും പശുവിനെ പർച്ചെയ്സ് കമ്മറ്റി മുഖാന്തിരം വാങ്ങി നൽകുന്ന പദ്ധതിയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

A. ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 21 പേർക്ക് 25000 ധന സഹായം അനുവദിച്ചിരിക്കുന്നത്. 20-9-19 ലെ 1(4) തീരുമാന പ്രകാരം ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തുടർന്നു വരുന്ന ഗ്രാമസഭ വഴി അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ സഭ അംഗീകാരം ലഭിച്ചിട്ടില്ല എന്നും ആയതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

B. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഉരുക്കളെ കുറഞ്ഞത് 3 വർഷം വളർത്തുമെന്നാണ് കരാർ വെക്കേണ്ടത് എന്നാൽ ഒരു വർഷത്തേക്കാണ് കരാർ വച്ചത്. ഇപ്രകാരം കരാർ ചമക്കാനിടയായത് സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

C ലക്ഷ്മി എൽ.ജയകുമാർ, എന്നവരുടെ രേഖകൾ പ്രകാരം ബാങ്ക് അക്കൗണ്ട് (ബിൽ നം- 26/19 ‡13-20 -25000) 614202010004726 യൂണിയൻ ബാങ്ക് ആണ്. എന്നാൽ തുക കൈമാറിയിരിക്കുന്നത് Ubi 237032775 ആണ് . തുക ലക്ഷ്മി എൽ . ജയകുമാർ എന്നവർക്ക് തന്നെ ലഭിച്ചു എന്ന് ഉറപ്പാക്കാനുതകുന്ന രേഖകൾ ലഭ്യമാക്കിയില്ല.

D. ലീന കെ ആർ, അർച്ചന വെല്ലൂർ, എന്നവരുടെ അക്കൗണ്ട് 57008591978 Sbi ആണ് എന്നാൽ തുക കൈമാറിയിരിക്കുന്നത് 6700213702 Sbi. തുക ലീന കെ ആർ, അർച്ചന വെല്ലൂർ, എന്നവർക്ക് തന്നെ ലഭിച്ചു എന്ന് ഉറപ്പാക്കാനുതകുന്ന രേഖകൾ ലഭ്യമാക്കിയില്ല.

പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കും വരെക്കും ചെലവുതുക 525,000 തടസ്സത്തിൽ വക്കുന്നു.

## 1-38 ഇ എം എസ് ഭവന പദ്ധതിയുടെ ബാലൻസ് തുക ലൈഫ് പദ്ധതി അക്കൌണ്ടിലേക്ക് മാറ്റുന്നത്-തുക തനതു ഫണ്ട് അക്കൌണ്ടിൽ ക്രെഡിറ്റായ വിവരം ലഭ്യമാക്കിയില്ല

28-11-19 ലെ അജണ്ട 23. തീ. 1 പ്രകാരം വെമ്പായം ഗ്രാമ പഞ്ചായത്തിലെ പ്രസിഡന്റിന്റെയും വി ഇ ഒ യുടെയും പേരിൽ വെമ്പായം സർവ്വീസ് സഹകരണ ബാങ്കിൽ ഇ എം എസ് അക്കൗണ്ടിൽ (അക്കൗണ്ട് നം 452) ബാലൻസ് തുകയായ 993300 രൂപ പഞ്ചായത്ത് ലോൺ എടുത്ത തുകയാണെന്നും ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടായി കണക്കാക്കാമെന്നും ആയതിനാൽ ടി തുക പഞ്ചായത്തിന്റെ ലൈഫ് പദ്ധതിയിലേക്ക് മാറ്റുന്നതിന് എ ഡി സി യോട് അഭ്യർഥിക്കാൻ തീരുമാനിച്ചിരുന്നു . ആയതിന്റെ തുടർ നടപടി വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 33/29-10-21 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 18-7-21 തിയ്യതിയിലെ 2(7) നം പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ടി തുക പഞ്ചായത്തിന്റെ തനതു ഫണ്ടിലേക്ക് മാറ്റുന്നതിന് തീരുമാന മാവുകയും 4-3-21 ലെ എ 3-1765 നം കത്തു പ്രകാരം പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്ത് അവശേഷിക്കുന്ന തുക കേരള ഗ്രാമീൺ ബാങ്കിലുള്ള പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മാറ്റി തരുവാൻ സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് തുക തനതു ഫണ്ടിൽ ലഭിച്ചിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട് എന്നാൽ തുക ക്രെഡിറ്റായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല. ടി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റദ്ദാക്കിയ രസീതുകൾ വരവായി രേഖപ്പെടുത്തിയിരിക്കുന്ന 4483 നഷ്ടം

2019-20 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ, തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/കെട്ടിട.നം | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് | തുക |
|---|---|---|---|---|
| 11/607ബി | രവി കിരൺ | 119030100463/26.4.2019 | 2016 I&II Half | 1790 |
| 6/845 | സുമയ്യാബീവി | 119030100944/10.5.2019 | 2016 I&II Half | 562 |
| 3/424 | അരുൺസദാശിവൻ | 119030102829/16.8.2019 | 2013 I&II Half | 561 |
| 4/122 | അപ്പുക്കുട്ടൻ ആശാരി | 119030103181/4.9.2019 | 2019 I&II Half | 205 |
| 17/49 | സോമൻനായർ | 119030104160/2.11.2019 | 2019 I&II Half | 14 |
| 4/183 | അയിഷബീവി | 119030105134/26.11.2019 | 2019 I&II Half | 207 |
| 3/356 | സി.ഡികൃഷ്ണൻ | 119030105202/28.11.2019 | 2019 I&II Half | 453 |
| 17/419എ | ജലാലുദ്ദീൻ | 119030105575/6.12.2019 | 2015&2016 I&II Half | 783 |
| 5/249 | ഹക്കിം സാഹിബ് | 119030107766/6.3.2020 | 2019 I&II Half | 648 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.44 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. തുടർവർഷങ്ങളിൽ പ്രസ്തുത തുക ഡിമാന്റ് ചെയ്യിട്ടില്ലാത്തതിനാൽ അതുവഴി തനതു ഫണ്ടിന് ചോർച്ചയും സംഭവിക്കുന്നു. ഇപ്രകാരം റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കം ചെയ്യാത്തതു വഴി ആകെ 4483 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടം വന്ന തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലിത്തീറ്റ സബ്സിഡി ഇനത്തിൽ അധികമായി നൽകിയ 9000/- രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നം. - 09/2020

പ്രോജക്റ്റിന്റെ പേര് - കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി

അടങ്കൽ തുക - 152140/-രൂപ (വികസന ഫണ്ട് (ജനറൽ)

ചെലവ് തുക –118300/-രൂപ (വികസന ഫണ്ട് (ജനറൽ)

ബിൽ നം/തീയതി - 2/2019-20 തീ.22.08.2019 400000/-രൂപ

4/2019-20 തീ.18.09.2019 469000/-രൂപ

10/2019-20 തീ.24.02.2020 314000/-രൂപ

വനിതാകർഷകർക്ക് ക്ഷീരസംഘങ്ങളിൽ നിന്ന് വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്ന പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.ക്ഷീരസംഘങ്ങളിൽ നിന്ന് വാങ്ങുന്ന കാലിത്തീറ്റ വാങ്ങുന്ന ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട വനിതാകർഷകർക്കാണ് ആനുകൂല്യം നൽകുന്നത്. ബിൽ നം.2 പ്രകാരം 103 ഗുണഭോക്താക്കൾക്കും, ബിൽ നം.4 പ്രകാരം 114 ഗുണഭോക്താക്കൾക്കും, ബിൽ നം.10പ്രകാരം 118 ഗുണഭോക്താക്കൾക്കുമാണ് ആനുകൂല്യം ലഭിച്ചത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റ് എൻക്വയറി നമ്പർ 42 പ്രകാരം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമായില്ല.

2.14.02.2018-ലെ ജി.ഒ (എം.എസ്) 22/2018 നമ്പർ ഉത്തരവിലെ ഖ.6.2(15) പ്രകാരം പൊതുവിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് പരമാവധി 10000/-രൂപയാണ് കാലിത്തീറ്റ സബ്സിഡിയായി നൽകാവുന്നതാണ്. എന്നാൽ 9/20 (കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി) എന്ന പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 10000/-രൂപയിൽ കൂടുതൽ നൽകിയിട്ടുണ്ട്.

| പേര് | അക്കൗണ്ട് നം | ബിൽനം2/19-20 Dt.22.08.19 | ബിൽനം4/19-20 Dt.18.10.19 | ബിൽനം10/19-20 Dt.24.02.20 | ആകെ | അധികരിച്ച് നൽകിയ തുക |
|---|---|---|---|---|---|---|
| ആർ.ഗീതാകുമാരി | 67084800161 | 4000 | 6000 | 3000 | 13000 | 3000 |
| ഉഷാകുമാരി .കെ | 67109998430 | - | 7000 | 9000 | 16000 | 6000 |
| കമലാബായി.കെ | 896331810297 | 4000 | 100000/- | 2000 | 106000 | 99000 |
| ആകെ | | | | | | 108000/- |

ശ്രീമതി.കമലാബായിക്ക് നൽകിയ തുകയിൽ സബ്സിഡി തുക അധികരിച്ച് നൽകിയ 99000/-രൂപ 29.10.2021-ലെ KC01487267120M നം.ചെലാൻ പ്രകാരം 3604-00-911-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. ബാക്കി 9000/-രൂപ അധികമായി നല്കിയതിന് വിശദീകണം ആവശ്യപ്പെട്ടതിന് മറുപടി (ഓഡിറ്റ് എൻക്വയറി നമ്പർ 42) ലഭിച്ചില്ല.

3.29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിന ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. പദ്ധതി രൂപീകരണം നിർവ്വഹണം എന്നിവ മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 42 പ്രകാരം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമായില്ല.

അധികമായി നൽകിയ 9000/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ട് | സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ പ്രകാരം ഉള്ള ചെലവ് |
|---|---|---|---|
| ബ്ലോക്ക് | കിണർ റീചാർജ്ജ് (ജനറൽ), 61/20 | 17280 | 0 |
| | നെൽകൃഷി വികസനം100/20 | 29750 | 0 |
| | പാലിയേറ്റീവ് കെയർ | 100000 | 0 |
| | ലൈഫ് പദ്ധതി(എസ്.സി.പി) | 1155000 | 1155000 |
| | ലൈഫ് പദ്ധതി (ജനറൽ) | 2829415 | 2822355 |
| | ലക്ഷം വീട് ഭവനപുനരുദ്ധാരണം | 90000 | 0 |
| | സ്നേഹസ്പർശം | 592500 | 592500 |
| | ക്ഷീരസമൃദ്ധി | 500000 | 316744 |
| | ശ്മശാന നിർമ്മാണം | 3207966 | 0 |
| ജില്ലാപഞ്ചായത്ത് | കിണർ റീചാർജ്ജിംഗ് | 25920 | 21600 |
| | ഹരിതഭവനം | 35000 | 26490 |
| | നെൽകൃഷി വികസനം | 29750 | 29750 |
| | ഹരിതഭവനം (സ്പിൽ ഓവർ) | 173758 | 0 |
| | ലൈഫ് (എസ്.സി.പി) | 100000 | 0 |
| | ലൈഫ്ഭവനപദ്ധതി (ജനറൽ) | 2425445 | 0 |
| | ലക്ഷം വീട് ഭവനപുനരുദ്ധാരണം | 480000 | 0 |
| | ലക്ഷം വീട് ഭവനപുനരുദ്ധാരണം (എസ്.സി.പി) | 180000 | 0 |
| | സ്നേഹസ്പർശം | 892500 | 892500 |
| | ക്ഷീരസമൃദ്ധി | 124000 | 0 |

| | | | |
|---|---|---|---|
| | ലക്ഷം വീട് കോളനി സമഗ്ര വികസനം | 400000 | 0 |
| | ശിശുസൗഹാർദ്ദ പഞ്ചായത്ത് തല പ്രവർത്തനങ്ങൾ | 50000 | 0 |
| | പാഥേയം | 122640 | 0 |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 437935 | 5725449 | 6163384 | 5241599 | 921785 |
| ജില്ലാപഞ്ചായത്ത് | 515775 | 595340 | 1111115 | 595340 | 515775 |

സുലേഖ പ്രകാരമുള്ള വരവ് ചെലവ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അവ പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവു സംബന്ധിച്ച രേഖപ്പെടുത്തലില്ല.

എ.എഫ്.എസ് പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു

| | 18-19 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 19-20 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 0 | 37252 | 37252 | 37252 | 37252 |
| കേരള വാട്ടർ അതോറിറ്റി | 2150000 | 0 | 2150000 | 0 | 2150000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 24500 | 0 | 24500 | 0 | 24500 |

സുലേഖ പ്രകാരമുള്ള നിക്ഷേപ പ്രവൃത്തികൾക്കായി വിനിയോഗിച്ച തുകയുടെ വിവരവും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്കായി വിനിയോഗിച്ച തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതും അവ പൊരുത്തപ്പെടുത്തൽ വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

തനതു ഫണ്ടിൽ (നോൺപ്ലാൻ) നിന്ന് വിവിധ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും,അവയുടെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യ പത്രം, നിർവ്വഹണ ഏജൻസികളുമായി ഒപ്പു വച്ച കരാർ എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രവൃത്തി | നിർവ്വഹണ ഏജൻസി. | തുക. | വൌച്ചർ നം,തീയതി |
|---|---|---|---|---|
| 1 | ഇലക്ട്രിക്കൽ ഇലക്ട്രിക്കൽ പോസ്റ്റു മാറ്റൽ,കണക്കോട് | KSEB | 13482 | 21901100/18-3-20 |
| 2 | ഇലക്ട്രിക്കൽ പോസ്റ്റു മാറ്റൽ-കൊഞ്ചിറ UPS | KSEB | 55683 | 21900381/5-9-19 |
| 3 | ഇലക്ട്രിക്കൽ പോസ്റ്റു മാറ്റൽ അയിരൂപ്പാറ | KSEB | 23770 | 21901102/18-3-20 |
| 4 | ഇലക്ട്രിക്കൽ പോസ്റ്റു | KSEB | 6270 ആകെ | 21900482/11-10-19 |

| | |
|---|---|
| മാറ്റൽ,നെല്ലിക്കുന്ന് | 99205 |

B.വെമ്പായം PHC യെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റാൻ പഞ്ചായത്ത് വിഹിതമായി 209718 രൂപ ചെക്ക് നം.22287122/19-8-19 പ്രകാരം NHM ന് കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബലൈസേഷൽ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | | | 5338235(Gen) | | |
| | | 47091780 | 31048220 | 308824(SC) | | |
| | | | | 5647059 | | 7249941 |
| EMS | | 0 | 1903800 | 1903800 | | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 8060 | ജയകുമാരി, അസിസ്റ്റന്റ് ഇഞ്ചിനീയർ | വൗച്ചർ നം.120170100114 തീ.8.06.20 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടി വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 223737783 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 16351134 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4483 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1528900 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.1 | 4483 | | റഫീക്ക് ബി.,സെക്രട്ടറി |
| 3.1 | | 9000 | ഷീജ ആർ.നായർ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 300000 | ഷഫറുദ്ദിൻ.ഇ, ഹെഡ് മാസ്റ്റർ |
| 1-34 | 8900 | ചിത്ര പ്രവീൺ, വി.ഇ.ഒ സർക്കിൾ I |
| 1-35 | 195000 | ഡോ. സ്പിനോള, വെറ്ററിനറി സർജൻ |
| 1-36 | 500000 | ഡോ. സ്പിനോള, വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 1-37 | 525000 | ഡോ. സ്പിനോള, വെറ്ററിനറി സർജൻ |
| ആകെ | 1528900 | |

(സി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റഫീക്ക് ബി.,സെക്രട്ടറി | സെക്രട്ടറി,വെമ്പായം ഗ്രാമപഞ്ചായത്ത് | അൽ ഫജർ , ഗുരുകുലം നഗർ നം.101, പേരൂർക്കട, തിരുവനന്തപുരം |
| ഷഫറുദ്ദീൻ.ഇ,ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ചീരാണിക്കര എൽ.പി.എസ് | എസ്.എസ്.ഹൗസ്, കുന്നന്താങ്കോണം, ചെമ്പൂർ, മുദാക്കൽ. |
| ഡോ.സ്പിനോള, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,വെമ്പായം ഗ്രാമപഞ്ചായത്ത് | അഞ്ജുഭവൻ, TASS Hill, ശ്രാകാര്യം പി.ഒ-17 |
| ഷീജ ആർ.നായർ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വെമ്പായം ഗ്രാമപഞ്ചായത്ത് | ശ്രീവിലാസം, സൊസൈറ്റി ജംഗ്ഷൻ പൗഡിക്കോണം, 695588 |
| ചിത്ര പ്രവീൺ | വി.ഇ.ഒ സർക്കിൾ I,പുല്ലംപാറ ഗ്രാമപഞ്ചായത്ത് | TC/10/813 പ്രിയഭവൻ,മണ്ണന്തല P.O-695015 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 4 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 5 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 12 | |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 10 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 4 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 10 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 7 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 10 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 11 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 10 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 7 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 28 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6 /947/2018 തീ.31.05.18 | 28 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/190/19 തീ.10.04.19 | 22 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/458/19 തീ.22.05.2020 | 37 | |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്